സഹ്യനാദം
Vol. 6 No.11 November 2009

C. 19/09 **കുടുംബവും മാധ്യമങ്ങളും**

(കെ.സി.ബി.സി. ഫാമിലി കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ)
മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

കെ.സി.ബി.സി. ഫാമിലി കമ്മീഷൻ 2009-2010 വർഷങ്ങളിൽ കുടുംബങ്ങളുടെ പഠനത്തിനും പരിചിന്തനത്തിനുമായി നിർദ്ദേശിച്ചിരിക്കുന്ന വിഷയം 'സാമൂഹ്യസമ്പർക്ക മാധ്യമങ്ങളും കുടുംബവും' എന്നതാണ്. കുടുംബമൂല്യങ്ങൾ സംരക്ഷിക്കത്തക്കവിധം മാധ്യമങ്ങളെ എങ്ങനെ ഉപയോഗിക്കാമെന്നതാണ് ചിന്താവിഷയം. മാധ്യമയുഗത്തിൽ ജീവിക്കുന്ന നമ്മെ സാമൂഹ്യസമ്പർക്ക മാധ്യമങ്ങൾ വ്യാപകമായി സ്വാധീനിക്കുന്നുവെന്നത് സുനിശ്ചിതമാണ്. മനുഷ്യന്റെ എല്ലാ കണ്ടുപിടിത്തങ്ങളുടെയും കാര്യത്തിലെന്നപോലെ സാമൂഹ്യസമ്പർക്കമാധ്യമങ്ങളെയും നമുക്ക് നന്മയ്ക്കും തിന്മയ്ക്കും ഉപയോഗിക്കാം. വിനോദവും വിജ്ഞാനവും പ്രദാനം ചെയ്യുന്ന സാമൂഹ്യസമ്പർക്കമാധ്യമങ്ങളെ ദൈവാനുഗ്രഹമായിട്ടും നമുക്ക് കൈവന്നിരിക്കുന്ന വലിയ അവസരമായിട്ടും വേണം നാം കാണാൻ (cf. inter mirifica, 2). എന്നാൽ, മനുഷ്യർ നിയന്ത്രിക്കേണ്ട മാധ്യമങ്ങൾ, മനുഷ്യനെ നിയന്ത്രിക്കുന്ന ഒരവസ്ഥ സംജാതമാകുന്നത് അപകടമാണ്. പല സാങ്കേതിക വിദ്യകളുടെയും കാര്യത്തിലെന്നപോലെ മാധ്യമങ്ങൾ മനുഷ്യനെ അടിമപ്പെടുത്തുന്ന സാഹചര്യമാണ് പൊതുവിലുള്ളത്. കുടുംബത്തിലെ എല്ലാ കാര്യങ്ങളും മാധ്യമങ്ങൾ, പ്രത്യേകിച്ച് ടെലിവിഷൻ, ഇന്റർനെറ്റ്, മൊബൈൽഫോൺ എന്നിവ കീഴടക്കുന്നു. വീട്ടുജോലി, ഭക്ഷണസമയം, പ്രാർത്ഥന, കുടുംബത്തിലെ ആശയവിനിമയം, യാത്രകൾ, സന്ദർശനങ്ങൾ, അതിഥികളോടുള്ള സമീപനം തുടങ്ങി എല്ലാ കാര്യങ്ങളെയും നിയന്ത്രിക്കുന്നത് മാധ്യമങ്ങളായിരിക്കുന്നു.





കുടുംബജീവിതത്തിന് കോട്ടമുണ്ടാകാത്ത വിധത്തിൽ മാധ്യമങ്ങളുടെ ഉപയോഗം ക്രമീകരിക്കുകയെന്ന ആവശ്യകതയിലേയ്ക്ക് ഇത് വിരൽ ചൂണ്ടുന്നു. റ്റി. വി. ഇല്ലാതെ ജീവിക്കാൻപറ്റാത്ത ഒരവസ്ഥയാണിന്ന് സംജാതമായിരിക്കുന്നത്. ജോലിക്കും പഠനത്തിനുമായി പുറത്തുപോയിട്ട് വൈകുന്നേരം വീട്ടിൽ തിരിച്ചെത്തുന്നവർ ആദ്യം തിരയുന്നത് റ്റി. വി.യുടെ റിമോട്ട് കൺട്രോളാണെന്നത് മിക്ക കുടുംബങ്ങളുടെയും ഗതിയാണ്. സിനിമ, സീരിയൽ, റിയാലിറ്റി ഷോ, കോമഡി ഷോ, സ്പോർട്സ് എന്നിവ കാണുന്നതിന് സമയം ചെലവഴിക്കുന്നു. അശ്ലീലതയും അക്രമവും റ്റി.വി.യിൽ നിരന്തരം പ്രദർശിപ്പിക്കപ്പെടുന്നു. യഥാർത്ഥമാനുഷികതയ്ക്കും വിവാഹത്തിനും കുടുംബത്തിനും മങ്ങലേല്പ്പിക്കുന്ന സന്ദേശങ്ങളാണ് സീരിയലുകൾ അവതരിപ്പിക്കുന്നത്. ഇത്തരം ചില സീരിയൽ സന്ദേശങ്ങൾക്ക് ഉദാഹരണങ്ങൾ താഴെ പറയുന്നവയാണ്. വിവാഹകുടുംബജീവിതങ്ങൾ ദുരന്തപൂർണവും നരകവുമാണ്. അവിഹിതബന്ധങ്ങൾ സർവ്വസാധാരണമാണ്. സ്ത്രീ അബലയും ചപലയും ഉപഭോഗവസ്തുവും എപ്പോഴും സഹിക്കേണ്ടവളും ആണ്. പുരുഷൻ വേട്ടക്കാരനും സ്ത്രീ ഇരയുമാണ്. സമ്പത്തും ഉപഭോഗവുമാണ് ജീവിതവിജയത്തിന്റെ മാനദണ്ഡം. അവ എളുപ്പത്തിലും സൂത്രത്തിലും നേടണം. കുട്ടികൾ ബാധ്യതയും ഭാരവുമാണ്. ഗർഭച്ഛിദ്രം തിന്മയല്ല. ജീവിതപ്രശ്നങ്ങൾ നേരിടാൻ മദ്യമയക്കുമരുന്നുകളാണ് കുറുക്കുവഴി. ലക്ഷ്യം നേടാൻ ഏതു മാർഗ്ഗവും ഉപയോഗിക്കാം. ഉപദ്രവിച്ചവരോട് പകരം വീട്ടണം. ആരെയും വിശ്വസിക്കാൻ പറ്റില്ല. ഇത്തരം റ്റി. വി. പ്രോഗ്രാമുകൾ അക്രമം, അഴിമതി, ഗുണ്ടായിസം, ലൈംഗിക അരാജകത്വം, മദ്യപാനം, നരഹത്യ, ആത്മഹത്യ എന്നിവയുടെ ഒരു ജീർണ്ണസംസ്ക്കാരം രൂപംകൊള്ളുന്നതിന് വഴിതെളിക്കുന്നില്ലേ?

വീട് ചന്തയാക്കപ്പെടുന്നുവെന്നതാണ് മാധ്യമങ്ങൾ വരുത്തിവയ്ക്കുന്ന മറ്റൊരു അപകടം. റ്റി.വി.യിൽ ചന്തയിലെന്നപോലെ ഉല്പന്നങ്ങളെക്കുറിച്ചുള്ള പരസ്യങ്ങളുടെ കോലാഹലമാണ് എപ്പോഴും കാണാനും കേൾക്കാനും കഴിയുന്നത്. വീട്ടുപകരണങ്ങൾ, സ്വർണ്ണാഭരണങ്ങൾ, വാഹനങ്ങൾ, വസ്ത്രങ്ങൾ, കുട്ടികളുടെ കുട, ബാഗ്,

ഭക്ഷണ പാനീയങ്ങൾ എന്നിവയുടെ വർണ്ണനകൾ അസത്യമായും അതിശയോക്തി കലർത്തിയും അതിഭാവുകത്വത്തോടെയും ഇഷ്ട താരങ്ങൾ അവതരിപ്പിക്കുന്നു. കുട്ടികൾ അവ എളുപ്പത്തിൽ വിശ്വസിക്കുകയും പരസ്യത്തിൽ കണ്ടവതന്നെ കിട്ടണമെന്ന് നിർബന്ധം പിടിക്കുകയും ചെയ്യുന്നു. തങ്ങളുടെ സാമ്പത്തികശേഷി നോക്കാതെ തന്നെ, കടം വാങ്ങിച്ചുപോലും, കുട്ടികളുടെ ആഗ്രഹം സാധിച്ചുകൊടുക്കുന്ന മാതാപിതാക്കൾ കുറച്ചൊന്നുമല്ല. കുടുംബത്തെ ടാർജറ്റ് ചെയ്തുകൊണ്ടാണ് പരസ്യങ്ങൾ എല്ലാം മുന്നേറുന്നത്. അതിൽ വീണുപോകുന്നവർ നിരവധിയുമാണ്. ഗൃഹനാഥന്റെ സന്തോഷം, വീട്ടമ്മയുടെ അധ്വാനലാഭം, കുട്ടികളുടെ വളർച്ച, മുത്തച്ഛന്റെ ആശ്വാസം, അമ്മായിയമ്മയ്ക്ക് സംതൃപ്തി എന്നിവയ്ക്ക് പരസ്യത്തിൽ പറയുന്ന ഉല്പന്നം തന്നെവേണമെന്നതാണ് സന്ദേശം. അടിസ്ഥാനാവശ്യങ്ങളും മാനസികാവശ്യങ്ങളും മാറ്റി തങ്ങളുടെ ഉത്പന്നത്തിലാണ് സുഖവും സംതൃപ്തിയും എന്ന് വരുത്തിതീർക്കുന്നത് എത്രയോ വലിയ വഞ്ചനയാണ്. ആർത്തിയും അസംതൃപ്തിയും വളർത്തി കുടുംബജീവിതത്തെ താറുമാറാക്കുന്ന എത്രസംഭവങ്ങൾ നമുക്കു ചുറ്റുമുണ്ട്. ഇവിടെ, പരസ്യഭാഷ തിരിച്ചറിയാൻ നമുക്ക് സാധിക്കണം. അതുപോലെ ആവശ്യവും അനാവശ്യവും തിരിച്ചറിയാനും കഴിയണം. എങ്കിലേ യുക്തമായ തിരഞ്ഞെടുപ്പ് സാധിക്കൂ.

സത്യത്തിൽ, പരസ്യം വസ്തുതയ്ക്ക് നിരക്കാത്തതോ മനുഷ്യമഹത്വത്തെ ഹനിക്കുന്നതോ വികാരങ്ങളെ ചൂഷണം ചെയ്യുന്നതോ ആർഭാടവും ധൂർത്തും പ്രോത്സാഹിപ്പിക്കുന്നതോ മനുഷ്യന്റെ ആന്തരിക സ്വാതന്ത്ര്യത്തിന്മേൽ കടന്നുകയറ്റം നടത്തുന്നതോ ആയിരിക്കാൻ പാടില്ലാത്തതാണ്. മറിച്ച്, അത് സത്യസന്ധവും സാമൂഹികോത്തരവാദിത്വമുള്ളതുമായിരിക്കണം. (cf പരസ്യത്തിലെ സദാചാരം, വത്തിക്കാൻ 1997, ഫെബ്രുവരി 22)

ഇന്ന് ആളുകൾ, പ്രത്യേകിച്ച് കുട്ടികൾ, റ്റി.വി. ആസക്തിക്ക് വിധേയരാകുന്നു. ജോലികൊണ്ട് മടുത്ത മാതാപിതാക്കൾ മക്കളോടൊപ്പം സമയം ചെലവഴിക്കാൻ ഊർജ്ജവും സമയവും ഇല്ലാത്തതുകൊണ്ട്, കുഞ്ഞിനെ റ്റി.വി. യുടെ മുമ്പിലിരുത്തി കാർട്ടൂൺ വച്ചു





കൊടുക്കുന്നു. കുഞ്ഞ് അതിൽ ലയിക്കുന്നു. റ്റി.വി. യുമായി വൈകാരികബന്ധത്തിലാകുന്ന ഇത്തരം കുഞ്ഞുങ്ങളെക്കുറിച്ച് പറയുന്നത് 'റ്റിവി വളർത്തുന്ന കുഞ്ഞുങ്ങൾ' എന്നാണ്. ഇവർക്ക് ക്രിയാത്മചിന്തയോ സന്തോഷമോ കളിയോ ആരോഗ്യമോ ഇല്ലെന്നതാണ് പഠനങ്ങൾ തെളിയിക്കുന്നത്. കുട്ടികൾ സാംസ്ക്കാരികവും ധാർമ്മികവും ആത്മീയവുമായി വികസിക്കുന്നതിന് മാധ്യമങ്ങൾ വിമർശന ബുദ്ധിയോടെയും വിവേകത്തോടെയും ഉപയോഗിക്കാൻ ചെറുപ്പം മുതൽ പരിശീലിപ്പിക്കപ്പെടണം. ഏത് ഉപേക്ഷിക്കണം, ഏത് തിരഞ്ഞെടുക്കണം എന്ന് വസ്തുനിഷ്ഠമായി വിധിതീർപ്പുകൾ നടത്താനുള്ള പ്രാപ്തിയാണ് അവർക്ക് ഉണ്ടാകേണ്ടത്. മാതാപിതാക്കളുടെ വലിയ ഉത്തരവാദിത്വമാണ് ഇത് ഉറപ്പാക്കുക എന്നത് (cf. Familiaris Consortio, 76). വൈരൂപ്യവും അശ്ലീലതയും അക്രമവും ഒക്കെ കുട്ടികളുടെ മനോഭാവങ്ങളെയും പെരുമാറ്റങ്ങളെയും മന്ദീഭവിപ്പിക്കും. അതിനാൽ, സൗന്ദര്യപരവും ധാർമ്മികവും ശ്രേഷ്ഠവുമായ കാര്യങ്ങളോടു താത്പര്യം ഉണ്ടാകാനും സ്വാതന്ത്ര്യത്തോടെ അവ തിരഞ്ഞെടുക്കാനും അവരെ സഹായിക്കാൻ മാതാപിതാക്കൾ ശ്രദ്ധവയ്ക്കണം. അതാണ് അഗാധമായ സന്തോഷം കുട്ടികളിൽ ജനിപ്പിക്കുന്നത്.

സെൻസേഷൻ ജനിപ്പിക്കുന്ന വാർത്താവിതരണരീതിയും വിലയിരുത്തപ്പെടേണ്ടതാണ്. മാധ്യമങ്ങൾ പലപ്പോഴും ഭാഗിക സത്യമാണ് നല്കുന്നത്. പ്രത്യേക വിഷയങ്ങൾ തിരഞ്ഞെടുത്ത് പ്രേക്ഷകരെ ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ അവതരിപ്പിക്കുന്നതുവഴി വ്യക്തികൾക്കും സമൂഹത്തിനും ഉണ്ടാകുന്ന നാശം വലുതാണ്. ഇങ്ങനെ വാർത്തകൾ അവതരിപ്പിക്കുന്നതിനു പിന്നിൽ സ്ഥാപിതതാത്പര്യങ്ങളും വാണിജ്യതാത്പര്യങ്ങളും രാഷ്ട്രീയ താത്പര്യങ്ങളും സാമ്പത്തിക താത്പര്യങ്ങളും ചാനലുകൾ തമ്മിലുള്ള മത്സരങ്ങളും കാരണമാണ്. വാർത്തയോടു ബന്ധപ്പെട്ടുള്ള ചർച്ചകൾ വിഭിന്ന നിലപാടുകൾ അവതരിപ്പിച്ചു സത്യം കണ്ടെത്താനുള്ള മാർഗമാക്കാൻ മാധ്യമപ്രവർത്തകർ ശ്രമിക്കുന്നതായും കാണുന്നില്ല. ചർച്ച 'ഒരു വിചാരണ'യാകുന്ന അനുഭവവും കുറവല്ല. മാധ്യമ പ്രവർത്തനം മനുഷ്യമഹത്വത്തിനും പൊതുനന്മയ്ക്കും സാർവ്വത്രികമൂല്യങ്ങളായ സത്യത്തിനും

നീതിക്കും സ്നേഹത്തിനും വേണ്ടി നിലകൊള്ളേണ്ടതാണ്. ശരിയായ സാംസ്ക്കാരിക സാമൂഹ്യപുരോഗതിക്ക് അതാവശ്യമാണ്. മനുഷ്യശാസ്ത്രപരമായ പരിപ്രേക്ഷ്യത്തിലേ മാധ്യമങ്ങളുടെ അർത്ഥവും ലക്ഷ്യവും ഉചിതമായ രീതിയിൽ സഫലമാകുകയുള്ളു. മാധ്യമപ്രവർത്തനം ഇന്ന് ബിസിനസ് മത്സരമാകുന്നതുകൊണ്ട് അക്രമത്തെ ഉയർത്തുന്നു, മാനുഷിക ലൈംഗികതയെ നിസ്സാരവത്കരിക്കുന്നു. വിഭാഗീയതകൾ വളർത്തുന്നു, സമൂഹവിരുദ്ധ പെരുമാറ്റങ്ങൾ പ്രോത്സാഹിപ്പിക്കുന്നു. ഇവയെല്ലാം തീർത്തും തെറ്റാണ്, പരിവർജ്ജനീയമാണ്.

ഇന്റർനെറ്റും മൊബൈൽഫോണും അറിവിന്റെ വാതായനങ്ങൾ വിശാലമായി തുറക്കുന്നുണ്ടെന്നത് ശരിയാണ്. വ്യക്തിബന്ധങ്ങൾ വളർത്താൻ അവ സഹായങ്ങളുമാകുന്നു. എന്നാൽ, സ്വകാര്യസമ്പർക്ക ഉപകരണങ്ങളായി അവ തരം താഴ്ന്നതോടെ ശുഷ്കവും സങ്കുചിതവുമായ ബന്ധങ്ങൾ മാത്രമേ വളർത്തപ്പെടുന്നുള്ളൂ എന്ന ദുഃഖസത്യം അവശേഷിക്കുന്നു. ലാന്റ് ഫോൺ പൊതുസ്ഥലത്തായിരുന്നതുകൊണ്ട്, ബന്ധങ്ങളെ വിശാലമാക്കിയിരുന്നു. ഒരു നിയന്ത്രണവും ഉണ്ടായിരുന്നു. കുട്ടികൾക്ക് മൊബൈൽഫോൺ അത്യാവശ്യമാണോയെന്ന് മാതാപിതാക്കൾ ചിന്തിക്കണം. ചാറ്റിംഗും ഓർക്കൂട്ടും സുഹൃത്തുക്കളെ കണ്ടെത്തുവാനും സ്വപ്നങ്ങൾ പങ്കുവയ്ക്കുവാനും സഹായകരമാണെങ്കിലും അശ്ലീലതയിലേയ്ക്കും ഭീകരപ്രവർത്തനങ്ങളിലേയ്ക്കും അത് നയിക്കുന്നുണ്ടെന്നത് അവഗണിക്കാനാവില്ല. നന്മയ്ക്കും സുരക്ഷിതത്വത്തിനും വേണ്ടി ഇന്റർനെറ്റ് സൗകര്യം വീട്ടിൽ എല്ലാവർക്കും വീക്ഷിക്കാവുന്ന സ്ഥലത്ത് സ്ഥാപിക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. യഥാർത്ഥകുടുംബമൂല്യങ്ങളും മാനുഷിക മൂല്യങ്ങളും സംരക്ഷിക്കുന്നതിന് മാധ്യമങ്ങളുടെ ഉപയോഗം ചില അവസരത്തിൽ വേണ്ടെന്ന് വയ്ക്കേണ്ടിയിരിക്കും (T.V.off day, T.V.off week, T.V. off month). റ്റി.വി. ഉപയോഗിക്കുന്നതിൽ ശിക്ഷണം അനുപേക്ഷണീയമാണ്. പ്രാർത്ഥന, പഠനം എന്നിവയുടെ സമയത്ത് റ്റി.വി. പ്രവർത്തിപ്പിക്കാതിരിക്കാൻ മാതാപിതാക്കൾ ഉത്സാഹിക്കണം. ഗുരുജനങ്ങൾ, പി.റ്റി.എ., അദ്ധ്യാപകർ എന്നിവർ ഇക്കാര്യത്തിൽ മാതാ





പിതാക്കൾക്ക് സഹായകമാകണം. സ്വതന്ത്രബുദ്ധിയും ഇച്ഛാശക്തിയും ഉപയോഗിച്ച് മനുഷ്യൻ മാധ്യമങ്ങളെ നിയന്ത്രിക്കണം. ആത്മനിയന്ത്രണവും മിതത്വവും കൂടാതെ കാതലായ നന്മകൾ കൈവരിക്കാൻ നമുക്കാവില്ലെന്നത് ഒരു സത്യമല്ലേ? ഫാമിലി റ്റി.വി. പ്ലാൻ ഉണ്ടാക്കി കുടുംബം കഴിവതും ഒന്നിച്ചിരുന്ന് റ്റി.വി. കാണുകയും അതിനെ വിശകലനം ചെയ്യുകയും വ്യാഖ്യാനിക്കുകയും വിലയിരുത്തുകയും ചെയ്യുക നല്ല മൂല്യങ്ങളുടെ സ്വാംശീകരണത്തിന് ആവശ്യമാണ്. മനുഷ്യജീവിതത്തെ ധന്യമാക്കുന്ന സ്നേഹം, ക്ഷമ, വിട്ടുവീഴ്ച, അധ്വാനം, ലൈംഗിക വിശുദ്ധി, മനുഷ്യമഹത്വം എന്നിവ വളർത്താനുള്ള സാഹചര്യമാണ് സൃഷ്ടിക്കപ്പെടേണ്ടത്. പ്രശ്നങ്ങൾക്കുള്ള പരിഹാരം മദ്യവും മയക്കുമരുന്നുമല്ലെന്ന് എല്ലാവർക്കും ബോധ്യമാകണം. മനുഷ്യബന്ധവും സ്നേഹവുമാണ് പണത്തേക്കാൾ പ്രധാനമെന്ന കാര്യം ഉറപ്പാക്കപ്പെടണം. വിവാഹകുടുംബ സമർപ്പണങ്ങൾ പ്രധാനപ്പെട്ടതാണെന്ന് എല്ലാവർക്കും ബോധ്യമുണ്ടാവുകയും വേണം. സംരക്ഷിക്കപ്പെടേണ്ട വലിയ മനുഷ്യനന്മകളാണവ. തരം താണതും മലീമസവുമായ, വിദ്വേഷവും വിഭാഗീയതയും പോഷിപ്പിക്കുന്ന പ്രോഗ്രാമുകൾ മാധ്യമങ്ങൾ അവതരിപ്പിക്കുമ്പോൾ അവയ്ക്കെതിരെ ക്രിയാത്മകമായി പ്രതികരിക്കാൻ കുടുംബങ്ങൾ തയ്യാറാവുകയെന്നതും പ്രധാനപ്പെട്ട കാര്യമാണ്. ഇക്കാര്യങ്ങളിൽ എല്ലാവരുടെയും ശ്രദ്ധയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. 2010 -ൽ എല്ലാ ഇടവകകളിലും മാധ്യമങ്ങളുടെ ഉപയോഗത്തെക്കുറിച്ച് മാതാപിതാക്കൾക്കുവേണ്ടി സെമിനാറും പ്രായോഗികമായി ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് ചർച്ചയും നടത്തണം. കുടുംബകൂട്ടായ്മകളിൽ (BCC) ഈ വിഷയം ചർച്ചയ്ക്കെടുക്കുന്നതും ഉചിതമാണ്.

ഇത്തരുണത്തിൽ ഒരു വിഷയത്തെക്കുറിച്ച്, നാം നടത്തുന്ന വിവാഹ ഒരുക്കസെമിനാറിനെക്കുറിച്ച്, ചില കാര്യങ്ങൾ എല്ലാവരുടെയും ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നു. എല്ലാ രൂപതകളും ഗൗരവപൂർവ്വം സംഘടിപ്പിക്കുന്ന ഒരു പരിപാടിയാണ് വിവാഹത്തിനു ഒരുക്കമായുള്ള സെമിനാർ. ഏവരുടെയും പ്രശംസയും

അംഗീകാരവും അതിനുണ്ട്. മൂന്നുദിവസം നീണ്ടു നില്ക്കുന്ന ഒരു റെസിഡൻഷ്യൽ കോഴ്സായിട്ട് അത് നടത്തണമെന്നാണ് പൊതുനിർദ്ദേശം. വിവാഹാലോചനകൾക്കുമുമ്പ് തന്നെ അതിൽ പങ്കെടുക്കാൻ യുവതീയുവാക്കൾ ശ്രദ്ധിക്കണം. പ്രാർത്ഥനാപൂർവ്വം കുർബാന, കുമ്പസാരം എന്നിവയോടെയും പൊതുവിൽ അംഗീകരിച്ചിട്ടുള്ള സിലബസ്സോടെയും കോഴ്സുകൾ നടത്തണം. വിദേശത്തുനിന്നുകൊണ്ടുവരുന്ന സർട്ടിഫിക്കറ്റുകൾ മൂന്നുദിവസം നീണ്ടുനില്ക്കുന്ന കോഴ്സിന്റേത് ആയിരിക്കണം. അവിടുത്തെ രൂപതയുടെ അംഗീകാരവും പൊതുവായ എല്ലാ വിഷയങ്ങളും കൈകാര്യം ചെയ്തിട്ടുള്ളവയും ആയിരിക്കണം. മൂന്നുദിവസം നീണ്ടുനില്ക്കുന്ന കോഴ്സിൽ ഒരിക്കൽ പങ്കെടുത്തവരെ വീണ്ടും കൂടാൻ നിർബന്ധിക്കേണ്ടതില്ല. വികാരിയച്ചന്മാർ നമസ്ക്കാരം കേൾക്കുന്നതും ഉപദേശം കൊടുക്കുന്നതും ഉപേക്ഷിക്കരുതെന്ന കാര്യവും ഓർമ്മിപ്പിക്കട്ടെ. +1, +2 കാലഘട്ടത്തിൽ കുമാരീകുമാരന്മാർക്ക് ലൈഫ് ഗൈഡൻസ് കോഴ്സുകളും ആസൂത്രണം ചെയ്ത് നടപ്പാക്കണം. വിവാഹിതർക്ക്, പ്രത്യേകിച്ച് യുവദമ്പതികൾക്ക്, ദാമ്പത്യപോഷകസെമിനാറുകൾ കൂടെക്കൂടെ സംഘടിപ്പിക്കുക ആവശ്യമാണ്. കുടുംബങ്ങൾ വിവിധ തലങ്ങളിൽ നിന്ന്, പ്രത്യേകിച്ച് മാധ്യമങ്ങളിൽ നിന്ന്, നിരവധി വെല്ലുവിളികളെ അഭിമുഖീകരിക്കുന്ന ഇക്കാലഘട്ടത്തിൽ കുടുംബ പ്രേഷിതപ്രവർത്തനം ഊർജ്ജിതമാക്കാൻ എല്ലാവരും പരിശ്രമിക്കണം. തിരുക്കുടുംബത്തിന്റെ മാതൃക നമുക്ക് പ്രചോദനവും മധ്യസ്ഥത നമുക്ക് ശക്തിയുമാകട്ടെ. എല്ലാ നന്മകളും ദൈവാനുഗ്രഹവും പ്രാർത്ഥിച്ചുകൊണ്ട്,

പി.ഒ.സി. — മാർ മാത്യു ആനിക്കുഴിക്കാട്ടിൽ
17.10.2009 — ചെയർമാൻ
കെ.സി.ബി.സി. ഫാമിലി കമ്മീഷൻ

N.B. ഏറ്റവും സൗകര്യപ്രദവും അടുത്തതുമായ ഒരു ഞായറാഴ്ച പള്ളിയിൽ ഈ സർക്കുലർ വായിക്കുകയും ഇതിലെ പ്രധാനപ്പെട്ട ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയും ചെയ്യണം.





C. 20/09 **43-ാമത് ലോകസാമൂഹ്യസമ്പർക്കമാധ്യമദിനം**

**2009 നവംബർ 15 ഞായറാഴ്ച**

പ്രമേയം. : **''പുതിയ സാങ്കേതികവിദ്യകളും പുതിയബന്ധങ്ങളും ആദരവിന്റെയും സംവാദത്തിന്റെയും സൗഹൃദത്തിന്റെയും സംസ്ക്കാരം പ്രോത്സാഹിപ്പിക്കാൻ''**

## പരിശുദ്ധ പിതാവിന്റെ സന്ദേശം

പ്രിയ സഹോദരീ സഹോദരന്മാരേ,

അടുത്തുവരുന്ന ലോകമാധ്യമദിനത്തിന് ഒരുക്കമായി ഈ വർഷം തിരഞ്ഞെടുത്തിരിക്കുന്ന 'പുതിയ സാങ്കേതികവിദ്യകളും പുതിയ ബന്ധങ്ങളും : ആദരത്തിന്റെയും സംവാദത്തിന്റെയും സൗഹൃദത്തിന്റെയും സംസ്ക്കാരം പ്രോത്സാഹിപ്പിക്കാൻ' എന്ന പ്രമേയത്തെ പുരസ്ക്കരിച്ച് ചില ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കാനാഗ്രഹിക്കുന്നു. നിശ്ചയമായും, പുതിയ സാങ്കേതിക വിദ്യകൾ, മനുഷ്യന്റെ സമ്പർക്കസംസർഗ്ഗരീതികളിൽ സമൂലമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുകയാണ്. മുതിർന്നവർക്ക് അന്യമായ ഈ വിദ്യകൾ അവർ ഇനിയും പഠിച്ചുവശത്താക്കേണ്ടിയിരിക്കുമ്പോൾ അവർക്കൊപ്പം വളരുന്ന ചെറുപ്പക്കാർക്ക് ഈ ഡിജിറ്റൽ ലോകം തികച്ചും സ്വന്തമാണ്. ഈ വർഷ ത്തെ മാധ്യമദിനസന്ദേശത്തിൽ, ഞാൻ ഈ ഡിജിറ്റൽ തലമുറയോട്, ചില ആശയങ്ങൾ- പുതിയ സാങ്കേതിക വിദ്യകളുടെ അനിതരസാധാരണമായ ശക്തികളെ സംബന്ധിച്ചവ, അവ മനുഷ്യബുദ്ധിയെയും വൈകാരിക ഐക്യത്തെയും അഭിവൃദ്ധിപ്പെടുത്തുമെങ്കിൽ - പങ്കുവയ്ക്കുവാനായി ആഗ്രഹിക്കുന്നു. നിശ്ചയമായും മനുഷ്യകുലത്തിനുള്ള സമ്മാനം തന്നെയായ അവ വ്യക്തികൾക്കും സമൂഹത്തിനും പ്രയോഗത്തിൽ നല്കുന്ന ഗുണഗണങ്ങൾ പാവപ്പെട്ടവർക്കും അശക്തർക്കും ലഭ്യമാക്കേണ്ടിയിരിക്കുന്നു.

അതീവ പ്രസരണശേഷിയുള്ള മൊബൈൽഫോണുകളും കമ്പ്യൂട്ടറുകളും ആഗോളതലത്തിൽ എവിടെയും കടന്നുചെല്ലുന്നതിനു കഴിവുള്ള ഇന്റർനെറ്റും ഒന്നുചേർന്ന് വാക്കുകളും ചിത്രങ്ങളും ഒരുപോലെ ഭൂഗോളത്തിലെ ഏതൊരു ഒറ്റപ്പെട്ട കോണിലും അതിശയിപ്പി

ക്കുന്ന ദൂരപരിധികളിൽ നിമിഷാർദ്ധംകൊണ്ട് എത്തിക്കുന്നതിന് ഇന്നുള്ള വിപുലമായ സാധ്യതകൾ മുൻതലമുറകൾക്ക് തികച്ചും അചിന്ത്യങ്ങളായിരുന്നു. നവീനമാധ്യമങ്ങളുടെ, വ്യക്തികൾ തമ്മിലും വ്യക്തികളും സമൂഹങ്ങളും തമ്മിലുമുള്ള അതിവിപുലമായ സമ്പർക്ക സാധ്യതകൾ, പ്രത്യേകിച്ചും യുവജനങ്ങൾ ശരിക്കും മനസ്സിലാക്കിയവരാണ്. ആയതിനാൽ അവർ ഇപ്പോഴുള്ള സുഹൃത്തുക്കളുമായ് സംവദിക്കുന്നതിനും പുതിയ സുഹൃത്തുക്കളെ കണ്ടെത്തുന്നതിനും, പുതിയ കൂട്ടായ്മകളും സമ്പർക്കശൃംഖലകളും സൃഷ്ടിക്കുന്നതിനും പുതിയ വാർത്തകളും അറിവുകളും നേടുന്നതിനും അവരുടെ ആശയങ്ങൾ പങ്കുവയ്ക്കുന്നതിനും നൂതനസാങ്കേതികവിദ്യകളെ ആശ്രയിക്കുന്നു. ആശയവിനിമയത്തിന്റെ ഈ പുതിയ സംസ്ക്കാരം ധാരാളം പ്രയോജനങ്ങൾ ഉള്ളതാണ്: കുടുംബങ്ങൾക്ക് വലിയ ദൂരങ്ങളെ മറികടന്ന് സമ്പർക്കത്തിലായിരിക്കാൻ കഴിയുന്നു. വിദ്യാർത്ഥികൾക്കും ഗവേഷകർക്കും ആവശ്യമായ രേഖകൾ, അടിസ്ഥാനപ്രമാണങ്ങൾ, ശാസ്ത്രീയഗവേഷണസ്രോതസ്സുകൾ എന്നിവയുമായി നേരിട്ടുബന്ധപ്പെടുന്നതിനും കഴിയുന്നു. വിദൂരസ്ഥലങ്ങളിൽ നിന്ന് ഒരുമിച്ചുപ്രവർത്തിക്കുന്നതിന് സാധിക്കുന്നതോടൊപ്പം ആധുനികമാധ്യമങ്ങളുടെ പരസ്പരാശയവിനിമയത്തിനുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് അതിശക്തമായ ആശയവിനിമയവും അതുവഴി സാമൂഹിക പുരോഗതിയും നേടാൻ കഴിയുന്നു. കാര്യക്ഷമതയിലും വിശ്വാസയോഗ്യതയിലും പുതിയ സാങ്കേതികവിദ്യകൾക്കുണ്ടായ ശീഘ്രപരിണാമം അത്ഭുതകരം തന്നെ. അവയുടെ വിപുലമായ ജനസമ്മതി നമ്മളെ ആശ്ചര്യപ്പെടുത്തേണ്ടതില്ല. കാരണം മനുഷ്യന്റെ അടിസ്ഥാനപ്രകൃതിയിൽ നിന്ന് ഉദ്ഭവിക്കുന്ന സൗഹൃദത്തിനും സംവാദത്തിനുംവേണ്ടിയുള്ള ഈ ത്വര ആധുനികസാങ്കേതിക വിദ്യകളോടുള്ള മമതയായി കാണേണ്ടതില്ല, പിന്നെയോ, ബൈബിളിന്റെ വെളിച്ചത്തിൽ സകലമനുഷ്യരെയും ഒരു കുടുംബമായി ഒന്നിപ്പിക്കുന്ന ദൈവസ്നേഹത്തിന്റെ ഐക്യത്തിലേക്കുള്ള ആഹ്വാനത്തിനുള്ള പ്രത്യുത്തരമായി മാത്രമേ ഇതിനെ കാണാൻ കഴിയൂ. മനുഷ്യപ്രകൃതിയിൽത്തന്നെ അന്തർലീനമായിരിക്കുന്ന സമ്പർക്കത്തിന്റെയും സമ്മേളനത്തിന്റെയുമായ ദൈവികച്ഛായയുടെ പ്രതിഫലനമാണത്.





ആധുനികസംസ്ക്കാരത്തിൽ വളരെ വ്യക്തമായി ദൃശ്യമാകുന്ന പരസ്പരസമ്പർക്കത്തിലും ഐക്യത്തിലും ആയിരിക്കുന്നതിനുള്ള ഈ താത്പര്യം ശരിക്കും മനസ്സിലാക്കിത്തരുന്നത് മനുഷ്യന്റെ അകലങ്ങളിലേക്ക് ഗമിക്കുന്നതിനും ബഹുജനസമ്പർക്കത്തിനായും ഉള്ള ജന്മവാസനയാണ്. യഥാർത്ഥത്തിൽ നമ്മൾ മറ്റുള്ളവരോട് തുറവിയുള്ളവരാകുമ്പോൾ നമ്മുടെ മൗലികാവശ്യം നിറവേറ്റപ്പെടുകയും കൂടുതൽ മനുഷ്യത്വമുള്ളവരായിത്തീരുകയുമാണ്. സ്നേഹിക്കുന്നതിനുവേണ്ടിയാണ് സ്രഷ്ടാവ് നമ്മെ രൂപപ്പെടുത്തിയിരിക്കുന്നത്. ആഴമില്ലാത്ത വെറും പുറംപൂച്ചുമാത്രമായ സ്നേഹത്തെക്കുറിച്ചല്ല ഞാൻ സംസാരിക്കുന്നത്. പിന്നെയോ യേശുനാഥൻ പറഞ്ഞുതന്ന യഥാർത്ഥ സ്നേഹത്തെക്കുറിച്ചാണ്: ‘‘നീ നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കുക...... നിന്നെപ്പോലെതന്നെ നിന്റെ അയല്ക്കാരനെയും സ്നേഹിക്കുക’’ (മർക്കോസ് 12:30–31) ഈ വെളിച്ചത്തിൽ ആധുനികസാങ്കേതികവിദ്യകളെപ്പറ്റി സംസാരിക്കുമ്പോൾ പ്രാധാന്യമർഹിക്കുന്നത് അവയുടെ പരസ്പരസമ്പർക്കത്തിനുള്ള വലിയ കഴിവല്ല, പിന്നെയോ ഈ സമ്പർക്കം വഴി വിനിമയം ചെയ്യപ്പെടുന്ന സന്ദേശത്തിന്റെ ഗുണമാണ്. ആധുനിക സമ്പർക്കമാധ്യമങ്ങളുടെ ഉപയോക്താക്കളായ സന്മനസുള്ള എല്ലാവരെയും പ്രോത്സാഹിപ്പിക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നത് – അവർ തങ്ങളുടെ ആശയവിനിമയ പ്രക്രിയയിൽ ആദരവിന്റെയും സംവാദത്തിന്റെയും സൗഹൃദത്തിന്റെയും സംസ്ക്കാരം പടുത്തുയർത്തുന്നതിനായി.

ആധുനികസാങ്കേതികവിദ്യകളിലൂടെ വ്യാപനം ചെയ്യപ്പെടുന്ന വിവരങ്ങളുടെ ഉള്ളടക്കം സൃഷ്ടിക്കുന്നതിൽ വ്യാപൃതരായവർ മനുഷ്യവ്യക്തിയുടെ മഹത്ത്വവും വിലയും ആദരിക്കുന്നവരായിരിക്കണം. പുതിയ സാങ്കേതികവിദ്യകൾ വ്യക്തികളുടെയും സമൂഹത്തിന്റെയും നന്മയ്ക്കുവേണ്ടിയാകണമെങ്കിൽ അവ പ്രയോഗിക്കുന്നവരെല്ലാം വാക്കുകളും ചിത്രങ്ങളും ഉപയോഗപ്പെടുത്തുമ്പോൾ അവയിലൂടെ വിദ്വേഷവും അസഹിഷ്ണുതയും പ്രോത്സാഹിപ്പിക്കാതെ, മാനുഷികബന്ധങ്ങളുടെയും ലൈംഗികതയുടെയും നന്മ നശിപ്പിക്കാതെ, ബലഹീനരായവരെ ചൂഷണം ചെയ്യാതെയുമിരിക്കാൻ ശ്രദ്ധിക്കണം.

പുതിയ സാങ്കേതികവിദ്യകൾ വ്യത്യസ്തരാജ്യങ്ങളിലും സംസ്ക്കാരങ്ങളിലും മതങ്ങളിലും ഉൾപ്പെട്ടവരുമായി സമ്പർക്കത്തിലായിരിക്കാൻ വളരെ സഹായിക്കുന്നുണ്ട്. പുതിയ ഡിജിറ്റൽ ലോകം അഥവാ 'സൈബർ സ്പെയ്സ് ' അവർക്ക് പരസ്പരം കണ്ടുമുട്ടുന്നതിനും തങ്ങളുടെ പാരമ്പര്യങ്ങളും, മൂല്യങ്ങളും വിനിമയം ചെയ്യുന്നതിനും വേദിയൊരുക്കുന്നു. ഇത്തരം അഭിമുഖങ്ങൾ ഫലപ്രദമാകണമെങ്കിൽ സത്യസന്ധവും അനുയോജ്യവുമായ ആവിഷ്ക്കാരശൈലിയും പരസ്പരം ശ്രദ്ധയോടെയും ആദരവോടെയും കേൾക്കുന്നതിനുമുള്ള താത്പര്യവും സ്വീകരിക്കേണ്ടതുണ്ട്. ഇത്തരം അവസരങ്ങളിൽ പരസ്പരധാരണയും സഹിഷ്ണുതയും വർദ്ധമാനമാകണമെങ്കിൽ അന്യോന്യം സത്യാന്വേഷണത്തിൽ ഉറച്ച ആശയവിനിമയം നടത്തിയിരിക്കണം. ജീവിതം സംഭവങ്ങളുടെയും അനുഭവങ്ങളുടെയും ഒരു പരമ്പരയല്ല, അത് സത്യത്തിനും നന്മയ്ക്കും സൗന്ദര്യത്തിനുമായുള്ള അന്വേഷണമാണ്. സത്യാന്വേഷണത്തിലാണ് നാം നമ്മുടെ തിരഞ്ഞെടുപ്പുകൾ നടത്തുന്നത്, അതിനായാണ് നമ്മുടെ സ്വാതന്ത്ര്യം ഉപയോഗപ്പെടുത്തുന്നത്, അതിലാണ് - സത്യത്തിലും നന്മയിലും സൗന്ദര്യത്തിലുമാണ്, നമ്മൾ സന്തോഷവും ആനന്ദവും കണ്ടെത്തുക. നമ്മെ വെറും വില്പനച്ചരക്കായി കാണുന്നവർ വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളും സത്യവും മാറ്റി പ്രതിഷ്ഠിക്കുന്നു.

സൗഹൃദം എന്ന ആശയം കഴിഞ്ഞ കുറേ കാലമായി ഡിജിറ്റൽ ലോകത്തിലെ സാമൂഹികശൃംഖലകളിലെ പദസമുച്ചയത്തിൽ വീണ്ടും പ്രഥമസ്ഥാനം കൈക്കലാക്കിയിരിക്കയാണ്. പ്രസ്തുത ആശയം മനുഷ്യസംസ്ക്കാരത്തിന്റെ സമുന്നതമായനേട്ടം തന്നെയാണ്. നാം നമ്മുടെ സുഹൃദ്ബന്ധങ്ങളിലൂടെയാണ് മനുഷ്യരായി വളരുന്നതും വികസിക്കുന്നതും. ഇക്കാരണത്താൽ യഥാർത്ഥ സൗഹൃദം എക്കാലത്തും മനുഷ്യനനുഭവിക്കാവുന്ന ഏറ്റവും വലിയ നന്മയായി പരിഗണിക്കപ്പെടുന്നു. ആയതിനാൽ സുഹൃദ്ബന്ധം എന്ന ആശയത്തെ നാം ഒരിക്കലും നിസ്സാരവത്കരിക്കരുത്. നമ്മുടെ സൈബർസൗഹൃദങ്ങൾ കുടുംബബന്ധങ്ങളെയും അയൽബന്ധങ്ങളെയും, ഉലയ്ക്കുന്നതാകാൻ പാടില്ല. ഇന്റർനെറ്റിലെ സാങ്കല്പികബന്ധങ്ങൾക്ക് അമിതപ്രാധാന്യം നല്കാൻ തുടങ്ങിയാൽ അത് വ്യക്തികളെ സാമൂഹിക ബന്ധങ്ങളിൽ നിന്ന് അകറ്റുകയും; വിശ്രമം, നിശബ്ദത, ധ്യാനം എന്നീ മാനുഷികവളർച്ചയ്ക്കും ആരോഗ്യത്തിനും ആവശ്യമായവയിൽ നിന്നു വേർപ്പെടുത്തി ഒറ്റപ്പെടുത്തുകയും ചെയ്യും.





സുഹൃദ്ബന്ധം ഒരു വലിയ മാനുഷികഗുണമാണ്, എന്നാൽ അതിന്റെ പരമമായ ലക്ഷ്യത്തിൽ നിന്നു വ്യതിചലിച്ച് അതിനെത്തന്നെ ലക്ഷ്യമാക്കിയാൽ അതിന്റെ മഹത്ത്വം നഷ്ടപ്പെടുന്നതാണ്. സുഹൃത്തുക്കൾ പരസ്പരം സഹായിച്ചും സഹകരിച്ചും തങ്ങളുടെ കഴിവുകൾ വളർത്തിയെടുത്തും അവ മനുഷ്യകുലത്തിന്റെ നന്മയ്ക്കായി പ്രയോജനപ്പെടുത്തണം. ഈയവസരത്തിൽ മനുഷ്യനന്മയെ മുൻനിർത്തി രൂപം കൊണ്ടിട്ടുള്ള ഡിജിറ്റൽ ശൃംഖലകളുടെ, മാനുഷിക ഐക്യത്തെയും സമാധാനത്തെയും നീതിയെയും വളർത്തുന്ന സമീപനം, ശ്ലാഘനീയമാണ്. ഇത്തരം ശൃംഖലകൾക്ക് വ്യത്യസ്തമേഖലകളിൽ നിന്നും സംസ്ക്കാരങ്ങളിൽനിന്നുമുള്ള, ജനങ്ങൾ തമ്മിലുള്ള സഹകരണം വളർത്തുന്നതിനും അന്യോന്യമുള്ള ഉത്തരവാദിത്വബോധം പൊതുനന്മയ്ക്കുവേണ്ടി വർദ്ധിപ്പിക്കുന്നതിനും കഴിയും. ആയതിനാൽ ഇത്തരം ഡിജിറ്റൽ ശൃംഖലകൾ എവിടെയെല്ലാം സാദ്ധ്യമാണോ അവിടെയൊക്കെ അവ എല്ലാവർക്കും വേണ്ടിയുള്ളതാണെന്ന് നാം ഉറപ്പുവരുത്തണം. മനുഷ്യകുലത്തിന് ആശയവിനിമയത്തിനുള്ള അതിവേഗ നൂതനമാർഗ്ഗങ്ങൾ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്ക് അപ്രാപ്യമായി വന്നാൽ ഭാവിയിൽ അത് പാവപ്പെട്ടവരുമായുള്ള അകലം വർദ്ധിപ്പിക്കുകയും വരും കാലത്ത് മനുഷ്യപുരോഗതിയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും.

കത്തോലിക്കായുവജനങ്ങളെ ഉദ്ദേശിച്ച് ചില കാര്യങ്ങൾ അവതരിപ്പിച്ചുകൊണ്ട് ഡിജിറ്റൽ ലോകത്തിനായുള്ള അവരുടെ വിശ്വാസസാക്ഷ്യം ബലപ്പെടുത്തികൊണ്ട് ഞാനീ സന്ദേശം ഉപസംഹരിക്കാനുദ്ദേശിക്കുന്നു.

പ്രിയ സഹോദരങ്ങളെ, ഇൻഫർമേഷൻ ടെക്നോളജിയുടെ ഈ പുതിയ സാംസ്ക്കാരികപരിതോവസ്ഥയിലേക്ക് നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾ നേടിയിട്ടുള്ള മൂല്യങ്ങൾ പ്രസരിപ്പിക്കുക. സഭയുടെ

ആദ്യകാലചരിത്രത്തിൽ ശ്രേഷ്ഠരായ അപ്പസ്തോലന്മാരും അവരുടെ ശിഷ്യരും ക്രിസ്തുനാഥന്റെ സുവിശേഷം ഗ്രീസിലും റോമിലും കൊണ്ടുചെന്നു. അവരുടെ സംസ്ക്കാരങ്ങളും ആചാരങ്ങളും മനസ്സിലാക്കികൊണ്ട് അവരുടെ മനസ്സിൽതട്ടുന്ന രീതിയിലാണ് അവർ സുവിശേഷപ്രഘോഷണങ്ങൾ നടത്തിയത്. അതുപോലെതന്നെ ഇന്നും സൈബർ സംസ്ക്കാരത്തിന്റെ പൊരുൾ അറിഞ്ഞുകൊണ്ടേ ഇന്നത്തെ ഡിജിററൽ യുഗത്തിൽ ക്രിസ്തുവിനെ പ്രഘോഷിക്കാൻ കഴിയൂ. ഈ സംസ്ക്കാരം ശരിക്കും മനസ്സിലാക്കിയ യുവജനങ്ങൾക്കേ ഈ ഡിജിറ്റൽലോകത്തെ സുവിശേഷവത്ക്കരിക്കുന്നതിനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കാൻ സാധിക്കൂ. നിങ്ങളുടെ സഹവർത്തികൾക്ക് ആവേശത്തോടെ സുവിശേഷസന്ദേശം നൽകാൻ മറക്കാതിരിക്കുക. അവരുടെ പ്രതീക്ഷകളും താത്പര്യങ്ങളും ഭയാശങ്കകളും നിങ്ങൾക്കറിവുള്ളതാണല്ലോ, അവർക്ക് നൽകാനുള്ള നിങ്ങളുടെ ഏറ്റവും വലിയ സമ്മാനം മനുഷ്യനായ ദൈവത്തെയാണ് - സഹിക്കുകയും മരിക്കുകയും സർവരെയും രക്ഷിക്കുന്നതിനുവേണ്ടി ഉയിർത്തെഴുന്നേല്ക്കുകയും ചെയ്ത ദൈവത്തെക്കുറിച്ചുള്ള സുവിശേഷം. മനുഷ്യഹൃദയങ്ങൾ സ്നേഹം നിലനില്ക്കുന്ന ലോകത്തിനായി ദാഹിക്കുകയാണ്. നന്മകൾ പങ്കുവയ്ക്കുന്ന, ഐക്യം വളർത്തുന്ന; സ്വാതന്ത്ര്യം സത്യത്തിൽ അർത്ഥം കണ്ടെത്തുന്ന; ആദരത്തോടെയുള്ള ഐക്യത്തിൽ വ്യക്തിത്വം കണ്ടെത്തുന്ന ലോകം. ഈ പ്രതീക്ഷകൾക്ക് നമ്മുടെ വിശ്വാസത്തിന് ഉത്തരം നൽകാൻ കഴിയും - നിങ്ങൾ ആ വിശ്വാസത്തിന്റെ പ്രചാരകരാകുക, പാപ്പാ നിങ്ങളോടൊപ്പമുണ്ട്, തന്റെ പ്രാർത്ഥനയിലൂടെ, ആശീർവാദത്തിലൂടെ.

വത്തിക്കാനിൽ നിന്ന് 24 ജനുവരി 2009,
വിശുദ്ധ ഫ്രാൻസീസ് സാലസിന്റെ തിരുനാൾ ദിനത്തിൽ,
**ബനഡിക്ട് 16-ാമൻ പാപ്പ**





## രൂപതക്കച്ചേരി

### C. 77/09 ആദരാഞ്ജലികളും പ്രാർത്ഥനകളും

വരാപ്പുഴ അതിരൂപതാദ്ധ്യക്ഷനും കെ. സി.ബി.സി പ്രസിഡന്റുമായിരുന്ന ആർച്ചുബിഷപ്പ് ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ പിതാവിന്റെ വിയോഗത്തിൽ രൂപതാകുടുംബത്തിന്റെ അനുശോചനങ്ങളും പ്രാർത്ഥനകളും. പിതാവിന്റെ പാവനസ്മരണയ്ക്കു മുന്നിൽ ഇടുക്കി രൂപത ആദരാഞ്ജലികളർപ്പിക്കുന്നു.

### C. 78/09 Eparcchial Consulters' Meeting

An ordinary meeting of the eparchial consulters will be held at Bishop's house Karimpan on 6th November, Friday, at 11.30 am. All members are requested to participate in the meeting without fail.

### C. 79/09 വൈദികർക്കായുള്ള സ്റ്റഡിഫോറം

നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന ബഹു. വൈദികർക്കായി സ്റ്റഡിഫോറം 2009 നവംബർ 17, 18 തീയതികളിൽ നടത്തപ്പെടുന്നു. ബഹു. വൈദികരെല്ലാവരും സ്റ്റഡിഫോറത്തിൽ പങ്കെടുക്കേണ്ടതാണ്.

അടിമാലി: നവംബർ 17 ചൊവ്വാ
ഇരട്ടയാർ: നവംബർ 17 ബുധൻ
സമയം: 10 am - 4 pm
Resource Person -Fr.Jose Kottayil

### C. 80/09 Presbyteral Council

An Ordinary meeting of the Presbyteral Council will be held

on Wednesday 2nd December, 2009 at Bishop's House Karimpan. Topics to be included in the agenda of the next meeting of the presbyteral council may be sent to the secratary before 27th of November 2009.
Time: 10.30 am.

C. 81/09 **Pastoral Council**

An ordinary meeting of the pastoral Council of the diocese of Idukki will be held on Monday, 21st December, 2009 at Atmajyothi Adimali. Topics to be included in the agenda may be sent to the Secratary before 10th December 2009.
Time: 10 .00 am - 4.00 pm

C. 82/09 **സാമൂഹ്യ സമ്പർക്ക മാധ്യമദിനം**

ഈ വർഷം സഭ സാമൂഹ്യ സമ്പർക്ക മാധ്യമദിനം ആചരിക്കുന്നത് നവംബർ 15-ാം തീയതി ഞായറാഴ്ചയാണ്. നമ്മുടെ എല്ലാ ഇടവകകളിലും മാധ്യമദിനം ഉചിതമായി ആചരിക്കേണ്ടതാണ്. നവംബർ 15-ാം തീയതി വി. കുർബാന മദ്ധ്യേ കെ.സി.ബി.സി. മാധ്യമകമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി പിരിവെടുക്കുകയും അത് എത്രയും വേഗം രൂപതാ സാമ്പത്തിക കാര്യാലയത്തിൽ എത്തിക്കുകയും ചെയ്യണം.

## ക്രിസ്തുജ്യോതി വിശ്വാസപരിശീലനകേന്ദ്രം

CJ 78/09 **ലോഗോസ്ക്വിസ് 2009 മത്സരഫലങ്ങൾ**

ഈ വർഷത്തെ ലോഗോസ് ക്വിസ് മത്സര പരീക്ഷയിൽ 104 ഇടവകകളിൽ നിന്നായി 26310 ആളുകൾ പങ്കെടുത്തു. മുൻവർഷത്തെ അപേക്ഷിച്ച് 5707 ആളുകൾ ഈ വർഷം കൂടുതലായി പങ്കെടുത്തു. 2009 ഒക്ടോബർ 11-ാം തീയതി നടത്തിയ രൂപതാതല ലോഗോസ് ക്വിസ് മത്സരത്തിന്റെ വിജയത്തിനായി പരിശ്രമിച്ച എല്ലാ ബഹു. വികാ





രിയച്ചന്മാർക്കും സിസ്റ്റേഴ്സിനും വിശ്വാസപരിശീലകർക്കും ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു. രൂപതാതല ലോഗോസ്ക്വിസ് മത്സരത്തിൽ പങ്കെടുത്ത എല്ലാവരേയും ആത്മാർത്ഥമായി അഭിനന്ദിക്കുകയും ചെയ്യുന്നു. ലോഗോസ്ക്വിസ് 2009 രൂപതാതല മത്സരത്തിൽ ആദ്യത്തെ അഞ്ചു സ്ഥാനങ്ങൾ കരസ്ഥമാക്കിയവർ:

**A. വിഭാഗം**

| സ്ഥാനം | പേര് | ഇടവക |
|---|---|---|
| I | ടെസ്മരിയാ തോമസ് പടിഞ്ഞാറേകുമ്പളത്ത് | ജോസ്പുരം |
| II | ശാലു എസ്. തയ്യിൽ | മച്ചിപ്ലാവ് |
| III | എയ്ഞ്ചൽ മരിയ ഡൊമിനിക് കുന്നയ്ക്കാട്ട് | പണിക്കൻകുടി |
| IV | പ്രേഷ്യസ് സെബാസ്റ്റ്യൻ കടുകത്തലയ്ക്കൽ | വാഴവര |
| ,, | ഷാജൽ ഡി. എലിസബത്ത് പുതുപ്പറമ്പിൽ | പന്നിയാർകുട്ടി |
| ,, | അനീസിയാ ബേബി | ഈട്ടിത്തോപ്പ് |
| ,, | അനുപ്രിയാ വർക്കി കുന്നയ്ക്കാട്ട് | പണിക്കൻകുടി |
| ,, | അലേർട്ട് ജെ. കളപ്പുരയ്ക്കപ്പറമ്പിൽ | മങ്കുവ |
| ,, | ദിവ്യാ സെബാസ്റ്റ്യൻ കണിയാംതറ | ഇരട്ടയാർ |
| ,, | ഷെറിൻ ജോസ് ഓവേലിൽ | ഇരട്ടയാർ |
| V | സോനു സണ്ണി പനച്ചിനാനിയ്ക്കൽ | പാലാർ |
| ,, | അൽന സിബി കല്ലേക്കുളം | മുരിക്കാശ്ശേരി |
| ,, | അലീനാ ബാബു ലാമണ്ണിൽ | ഇരട്ടയാർ |
| ,, | ആഷ്നാസെബാസ്റ്റ്യൻ തൈച്ചേരിൽ | തങ്കമണി |
| ,, | ക്രിസ്റ്റീന സണ്ണി | കൂമ്പൻമല |
| ,, | ടോണി കുര്യാക്കോസ് കാനാട്ട് | വാഴത്തോപ്പ് |
| ,, | ജോസ്ന ജോസ് | കഞ്ഞിക്കുഴി |
| ,, | ആൽബിൻ ബേബി അമ്പാട്ട് | പന്നിയാർകുട്ടി |
| ,, | ജോസ്മി ജോസഫ് പന്തന്മാക്കൽ | ഇരട്ടയാർ |
| ,, | ഹർഷ കെ. ജോസ് കിഴക്കേൽ | മാവടി |
| ,, | എയ്ഞ്ചൽ ബെന്നി കോലത്തുപടവിൽ | ഇരുമ്പുപാലം |
| ,, | ആഷ്ന ചാക്കോ നാഴൂരിമറ്റത്തിൽ | എഴുകുംവയൽ |
| ,, | ജോബിൻ ജോൺസൺ | കൂമ്പൻപാറ |
| ,, | ഡോൺ ജോസഫ് വേഴമ്പത്തോട്ടം | എഴുകുംവയൽ |
| ,, | സോബിറ്റ് സണ്ണി കോലംകുഴിയിൽ | സ്ലീവാമല |

**B.** വിഭാഗം

| സ്ഥാനം | പേര് | ഇടവക |
|---|---|---|
| I | എമിൽഡ ബാബു പുളിയ്ക്കൽ | പനംകുട്ടി |
| II | അമല കെ.ജോയി കടവിൽ | നെടുങ്കണ്ടം |
| III | ജിബിൻ കെ. ആന്റണി കൊച്ചച്ചേരിൽ | പണിക്കൻകുടി |
| IV | നീതാ ജോർജ്ജ് കണ്ടത്തിൻകര | മൈലാടുംപാറ |
| ,, | ജോസ്നാ ജോയി ആപ്പാഞ്ചിറ | പണിക്കൻകുടി |
| ,, | അലീനാ സോജൻ ഇല്ലിമൂട്ടിൽ | ഇരട്ടയാർ |
| ,, | ജോയ്സിമോൾ മാത്യു കൊച്ചാനിച്ചോട്ടിൽ | കാന്തിപ്പാറ |
| ,, | അപർണ്ണ അഗസ്റ്റ്യൻ മാനത്തൂർ | കല്ലാർകുട്ടി |
| ,, | ആൻസ് മരിയ കൊച്ചുപറമ്പിൽ | ആയിരമേക്കർ |
| ,, | സിനു തോമസ് പറത്താനത്ത് | ഇരട്ടയാർ |
| V | എലിസബത്ത് ദേവസ്യാ കറുകപ്പള്ളിൽ | പണിക്കൻകുടി |
| ,, | കീർത്തന തെരേസ സെൻ ആനിക്കാമുണ്ടയിൽ | ഇരട്ടയാർ |
| ,, | ദിയ തങ്കച്ചൻ | മണിയാറൻകുടി |
| ,, | ദിവ്യാമോൾ അലക്സ് ഒഴുകയിൽ | എഴുകുംവയൽ |
| ,, | ചിഞ്ചു ഫ്രാൻസീസ് ആപ്പാഞ്ചിറ | പണിക്കൻകുടി |
| ,, | ജിതിൻ തങ്കച്ചൻ | ചേമ്പളം |
| ,, | റോസ്മിൻ മാനുവൽ | പൈനാവ് |
| ,, | Bro. ജോസഫ് ഉദയംപാറയിൽ | മൈനർ സെമിനാരി |
| ,, | സെറിൻ സെബാസ്റ്റ്യൻ | ചെമ്മണ്ണാർ |
| ,, | അനുമോൾ അഗസ്റ്റ്യൻ തെള്ളിയിൽ | എഴുകുംവയൽ |
| ,, | അനില പീറ്റർ പോത്താനിക്കാട്ട് | കല്ലാർകുട്ടി |
| ,, | ബോല ആന്റണി കൊടക്കല്ലിൽ | കരിമ്പൻ |
| ,, | ആൻമരിയ വർഗ്ഗീസ് | തൂക്കുപാലം |
| ,, | സ്നേഹമോൾ മാത്യു കുന്നയ്ക്കാട്ട് | മൈലാടുംപാറ |
| ,, | ജിസ്മി മരിയ ബേബി | നാരക്കാനം |





**C.** വിഭാഗം

| സ്ഥാനം | പേര് | ഇടവക |
|---|---|---|
| I | അൻസപ്രിയ ജോസ് മുള്ളനാനിക്കൽ | മുരിക്കാശ്ശേരി |
| II | സംഗീത ജോസഫ് വള്ളോപ്പുരയ്ക്കൽ | പച്ചടി |
| III | ജിൻസി വള്ളിയാംപൊയ്കയിൽ | കരിമ്പൻ |
| IV | എമിൽ എൽസാ ജോസ് തയ്യിൽ | വാഴവര |
| ,, | ആൻമരിയ ടോം വാണിശ്ശേരിൽ | തങ്കമണി |
| ,, | സി. ഫിലോ കോലംകുഴിയിൽ എസ്.എച്ച് | മുരിക്കാശ്ശേരി |
| ,, | ചിഞ്ചു ഫ്രാൻസീസ് | ബഥേൽ |
| ,, | സി. ജോയിസ് ഡി.എസ്.റ്റി | കരിമ്പൻ |
| ,, | ജോസ്മി ജോസ് കോലഞ്ചേരിൽ | പച്ചടി |
| ,, | മിന്റു ആന്റണി ഉാനിത്തോട്ടത്തിൽ | തങ്കമണി |
| ,, | ലിറ്റി സേവ്യർ പാണാട്ടിൽ | മുരിക്കാശ്ശേരി |
| V | സി. അനീഷ മരിയ എസ്.എച്ച് | രാജമുടി |
| ,, | റൂബി മാത്യു കണ്ടച്ചാലിൽ | പച്ചടി |
| ,, | നീതു ജോസ് | ബഥേൽ |
| ,, | ലിജിമോൾ വർഗ്ഗീസ് വടക്കേപ്ലാമൂട്ടിൽ | തങ്കമണി |
| ,, | സി. പവിത്ര എസ്.എച്ച് | മുരിക്കുംതൊട്ടി |
| ,, | ജിൻസി ബെന്നി | പൈനാവ് |
| ,, | സി. അനുപമ സി.എം.സി | വാഴത്തോപ്പ് |
| ,, | സി. അനുജ എസ്. എച്ച് | നാരകക്കാനം |
| ,, | സിമി ജോസഫ് മണ്ണാങ്കൽ | നെടുങ്കണ്ടം |
| ,, | ലിന്റാ ജോസഫ് | ബഥേൽ |
| ,, | സി. റിറ്റി ഡി.എസ്.റ്റി | കരിമ്പൻ |
| ,, | ലിജിൻ ജോർജ്ജ് നടയ്ക്കൽ | മൈലാടുംപാറ |
| ,, | ആഷാ പ്രിൻസ് നാട്ടുനിലത്ത് | പൊൻമുടി |
| ,, | സി. ക്രിസ്റ്റി സി.എം.സി | അടിമാലി |
| ,, | സി. ജൂലി മാത്യു എഫ്.സി.സി. | മുരിക്കാശ്ശേരി |

D വിഭാഗം

| സ്ഥാനം | പേര് | ഇടവക |
|---|---|---|
| I | ബിൻസി ബെന്നി മങ്കുഴ | അടിമാലി |
| II | സി. ശാലീനാ എസ്.ഡി | പണിക്കൻകുടി |
| III | അൽഫോൻസാ ടോമി ആവിയിൽ | പണിക്കൻകുടി |
| IV | ജോളി ജോസഫ് ഇലവുംകുന്നേൽ | തങ്കമണി |
| ,, | ആൻസി ഡോണിഷ് ഇടയാടിയിൽ | ഇരട്ടയാർ |
| ,, | റോസിലി ബെന്നി മാന്തടത്തിൽ | തങ്കമണി |
| ,, | സി. അൽഫോൻസ് കടമ്പനാട്ട് | പന്നിയാർകുട്ടി |
| ,, | സി. തെരേസ് കട്ടയ്ക്കൽ S.A.B.S | തങ്കമണി |
| ,, | സിൽവി വിൻസെന്റ് കൂട്ടുങ്കൽ | പണിക്കൻകുടി |
| ,, | രാഗി റെജി പടിഞ്ഞാറേമുറിയിൽ | നെടുംങ്കണ്ടം |
| ,, | സെലിൻ കടപ്പൂർ | ആയിരമേക്കർ |
| V | സി. മെർളി F.C.C. | മുരിക്കാശ്ശേരി |
| ,, | ലിസ്സി ആന്റണി കൊച്ചച്ചേരിൽ | പണിക്കൻകുടി |
| ,, | സെലിൻ ദേവസ്യാ മുണ്ടപ്പനാൽ | നെടുങ്കണ്ടം |
| ,, | ബീന ആന്റണി മൈലമണ്ണിൽ | ശാന്തിഗ്രാം |
| ,, | സി. ഷീലു തെരേസ് C.M.C. | കൂമ്പൻപാറ |
| ,, | മോളി കുര്യാക്കോസ് കാനാട്ട് | വാഴത്തോപ്പ് |
| ,, | സി. ഷൈനി റോസ് C.M.C. | മുട്ടുകാട് |
| ,, | സി. റോസ്ന C.M.C. | വാഴത്തോപ്പ് |
| ,, | സി. ടെസ്സി കളരിയ്ക്കൽ S.H. | രാജകുമാരി |
| ,, | അൽഫോൻസാ ബാബു | മണിയാറൻകുടി |
| ,, | കൊച്ചുറാണി ജോയി കടവിൽ | നെടുങ്കണ്ടം |
| ,, | സി. രമ്യാ C.M.C. | ഇടുക്കി |
| ,, | ഷിജി മാത്യു | മണിയാറൻകുടി |
| ,, | സി. റാണി പനന്താനം S.H. | പൊൻമുടി |





E വിഭാഗം

| സ്ഥാനം | പേര് | ഇടവക |
|---|---|---|
| I | സി. ആനി ഡോൺ S.H. | നാരകക്കാനം |
| II | സി. ജോണറ്റ് F.C.C. | മുരിക്കാശ്ശേരി |
| III | സി. ആനീസ് വെച്ചൂർ S.A.B.S | മുരിക്കാശ്ശേരി |
| IV | അന്നക്കുട്ടി ജോസഫ് കുഴിക്കാട്ടുമാലിൽ | മുരിക്കാശ്ശേരി |
| ,, | മേരി വർക്കി മൈലാങ്കൽ | നസ്രത്തുവാലി |
| ,, | മേരിക്കുട്ടി വെട്ടിക്കാട്ട് | ആനക്കുളം |
| ,, | മേരി ജോസഫ് പുന്നത്താനത്തുകുന്നേൽ | ഇരട്ടയാർ |
| ,, | ജോർജ്ജ് കരോട്ടുകുന്നേൽ | സഹായഗിരി |
| ,, | മേരിക്കുട്ടി പ്ലാശനാൽ | മരിയാപുരം |
| V | സി. ബെന്നോയ് S.H. | രാജമുടി |
| ,, | സി. സെലിൻ D.S.T. | കരിമ്പൻ |
| ,, | സി. സീനാ മാതാളികുന്നേൽ S.A.B.S | പന്നിയാർകുട്ടി |
| ,, | ഫിലോമിനാ ജോർജ്ജ് | രാജകുമാരി |
| ,, | എൽസി ജോസ് ചെമ്മരപ്പിള്ളിൽ | പച്ചടി |
| ,, | ലിസ്സി കല്ലംപ്ലാക്കൽ | ജോസ്ഗിരി |
| ,, | ഗ്രേസി ക്ലമന്റ് നെടുംകല്ലേൽ | വിമലഗിരി |
| ,, | സി. അനറ്റ് S.D. | പണിക്കൻകുടി |
| ,, | സി. ജയ്മി S.D. | അടിമാലി |
| ,, | ചാക്കോച്ചൻ താളനാനിയ്ക്കൽ | മുരിക്കാശ്ശേരി |
| ,, | തോമസ് വി.വി. വയലിൽ | മരിയാപുരം |
| ,, | മേരി വടക്കേയറ്റം | കുഞ്ചിത്തണ്ണി |
| ,, | മേരിക്കുട്ടി അഗസ്റ്റ്യൻ കൊച്ചുപറമ്പിൽ | ബഥേൽ |
| ,, | സി.ഡി. മാത്യു ചേറാടിയിൽ | നെടുങ്കണ്ടം |
| ,, | സി. ഡെൽഫീന F.C.C. | കരിമ്പൻ |
| ,, | ഔസേപ്പച്ചൻ അമ്പാട്ട് | പാണ്ടിപ്പാറ |

2009 നവംബർ 22-ാം തീയതി ഞായറാഴ്ച എറണാകുളം പി. ഒ.സി. യിൽ വച്ചു നടക്കുന്ന സംസ്ഥാനതല മത്സരത്തിലേയ്ക്ക് അർഹത നേടിയ ഓരോ പ്രായവിഭാഗത്തിലുമുള്ള ആദ്യ മൂന്നു സ്ഥാന ക്കാർക്ക് എല്ലാവിധ വിജയങ്ങളും ആശംസിക്കുന്നു.

**ഏറ്റവും കൂടുതൽ സമ്മാനങ്ങൾ നേടിയ ഇടവകകൾ**

I ഇരട്ടയാർ
II പണിക്കൻകുടി
III തങ്കമണി

**ഏറ്റവും നല്ല പെർഫോമൻസ് കാഴ്ചവച്ച ഇടവക**

പണിക്കൻകുടി

**ഏറ്റവും നല്ല ലോഗോസ് ഫാമിലിയായി തെരഞ്ഞെടുക്കപ്പെട്ടവർ**

I ജോയി ജോസഫ് കടവിൽ നെടുങ്കണ്ടം
II ആന്റണി കൊച്ചച്ചേരിൽ പണിക്കൻകുടി
III കുര്യാക്കോസ് കാനാട്ട് വാഴത്തോപ്പ്

IV ബാബു ജോസ് പുളിയ്ക്കൽ പനംകുട്ടി
'' സജി തോമസ് തുണ്ടത്തിക്കുന്നേൽ പച്ചടി
'' ബാബു ദേവസ്യാ പ്ലാവനാക്കുഴിയിൽ ശാന്തിഗ്രാം
'' ബെന്നി ജോസഫ് ആനിക്കാമുണ്ടയിൽ ഇരട്ടയാർ
'' തോമസ് കുമ്പിളിമൂട്ടിൽ വാഴത്തോപ്പ്

V വിൻസെന്റ് കൂട്ടുങ്കൽ പണിക്കൻകുടി
'' ബേബി ചെറിയാൻ ഈട്ടിത്തോപ്പ്
,, റെജി ജെയിംസ് കുഞ്ചിത്തണ്ണി
,, ബോബൻ ജോസഫ് മൂഴിക്കുഴിയിൽ പണിക്കൻകുടി
,, സണ്ണി മൈലാടൂർ പന്നിയാർകുട്ടി
'' റോയി സ്കറിയ ചാത്തനാട്ട് രാജകുമാരി
,, ജോസഫ് എം.ടി. മുതുപ്ലാക്കൽ കാൽവരിമൗണ്ട്
,, സെബാസ്റ്റ്യൻ വള്ളിയിൽ വെള്ളയാംകുടി





**മതാദ്ധ്യാപകരുടെ വിഭാഗത്തിൽ ലോഗോസ് ക്വിസ്സിൽ രൂപതാതല സമ്മാനം നേടിയവർ**

**സന്യസ്തർ**

I സി. ശാലീന S.D. പണിക്കൻകുടി
II സി. അൽഫോൻസ് കടമ്പനാട്ട് S.A.B.S. പന്നിയാർകുട്ടി
'' സി. തെരേസ് കട്ടയ്ക്കൽ S.A.B.S. തങ്കമണി
III സി. ജോയ്സ് D.S.T കരിമ്പൻ
'' സി. ഷീലു തെരേസ് C.M.C കൂമ്പൻപാറ

**അല്മായർ**

I ജോളി ജോസഫ് ഇലവുംകുന്നേൽ തങ്കമണി
II മോളി കുര്യാക്കോസ് കാനാട്ട് വാഴത്തോപ്പ്
III കൊച്ചുറാണി ജോയി കടവിൽ നെടുങ്കണ്ടം
'' റൂബി കണ്ടച്ചാലിൽ പച്ചടി

**മികച്ച പങ്കാളിത്തത്തിന് സമ്മാനർഹരായ സന്യാസിനി സമൂഹങ്ങൾ**

**A ഇടുക്കി രൂപതയിൽ പ്രൊവിൻസ് ഉള്ളവർ**

I ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സന്യാസിനി സമൂഹം (F.C.C)
II തിരുഹൃദയ സന്യാസിനി സമൂഹം ( S.H)

**B ഇടുക്കി രൂപതയിൽ പ്രൊവിൻസ് ഇല്ലാത്തവരും ഒന്നിലധികം സന്യാസ ഭവനങ്ങൾ രൂപതയിൽ ഉള്ളവരുമായ സന്യാസിനി സമൂഹങ്ങൾ.**

I സ്നേഹഗിരി മിഷനറി സിസ്റ്റേഴ്സ് (S.M.S)
II ഡോട്ടേഴ്സ് ഓഫ് സെന്റ് തോമസ് (D.S.T.)

ഇത് ആനുപാതിക പങ്കാളിത്തത്തിന്റെയും നേടിയ മാർക്കിന്റെയും ആവറേജ് നോക്കിയാണ് നിർണ്ണയിച്ചിരിക്കുന്നത്. ആത്മാർത്ഥമായി സഹകരിച്ച സിസ്റ്റേഴ്സിന് പ്രത്യേകം നന്ദി.

**ഇടവകതല പങ്കാളിത്തം**

രജിസ്ട്രേഷന്റെ എണ്ണമനുസരിച്ച് ഏറ്റവും കൂടുതൽ ആളു കളെ പങ്കെടുപ്പിച്ച ഇടവകകൾ:

| സ്ഥാനം | ഇടവക | രജിസ്ട്രേഷൻ എണ്ണം |
|---|---|---|
| 1 | ഇരട്ടയാർ | 2565 |
| 2 | രാജാക്കാട് | 1475 |
| 3 | തങ്കമണി | 1342 |
| 4 | നെടുങ്കണ്ടം | 1050 |
| 5 | വെള്ളയാംകുടി | 695 |
| 6 | പണിക്കൻകുടി | 666 |
| 7 | വാഴത്തോപ്പ് | 508 |
| 8 | മുരിക്കാശ്ശേരി | 498 |
| 9 | രാജകുമാരി | 467 |
| 10 | അടിമാലി | 446 |

ഇടവകാംഗങ്ങളുടെ എണ്ണത്തിന് ആനുപാതികമായി ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ച ഇടവകകൾ

| സ്ഥാനം | ഇടവക | രജിസ്ട്രേഷൻ % |
|---|---|---|
| 1 | ചിന്നാർനിരപ്പ് | 67% |
| 2 | ഇരട്ടയാർ | 45% |
| 3 | കോമ്പയാർ | 37% |
| 4 | മൈലാടുംപാറ | 35% |
| 5 | പണിക്കൻകുടി | 32% |
| 6 | രാജാക്കാട് | 32% |
| 7 | കൂമ്പൻമല | 31% |
| 8 | നെടുങ്കണ്ടം | 31% |
| 9 | മണിയാറൻകുടി | 31% |
| 10 | അടിമാലി | 29% |

### സംസ്ഥാനതല പങ്കാളിത്തത്തിൽ ഇടുക്കി രൂപതയ്ക്ക് അംഗീകാരം

ലോഗോസ് ക്വിസ് 2009 -ന് സംസ്ഥാന തലത്തിൽ അംഗസംഖ്യയ്ക്ക് ആനുപാതികമായി ആളുകളെചേർത്ത രൂപതകളിൽ **3-ാം സ്ഥാനം** ഇടുക്കി രൂപത കരസ്ഥമാക്കി. ഇതിനായി സഹകരിച്ച ബഹു. വികാരിമാർക്ക് അനുമോദനങ്ങൾ. ഏറ്റവും കൂടുതൽ ആളുകളെ





ചേർത്ത ഇടവകകളിൽ **മൂന്നാം സ്ഥാനം നമ്മുടെ രൂപതയിലെ ഇരട്ടയാർ സെന്റ് തോമസ്** ഇടവകയും കരസ്ഥമാക്കി. നേതൃത്വം നല്കിയ പെ. ബഹു. വികാരിയച്ചനും സഹപ്രവർത്തകർക്കും അനുമോദനങ്ങൾ.

### CJ 84/09 സൺഡേ സ്കൂൾ ആനിമേഷൻ ടീം സന്ദർശനം

നമ്മുടെ രൂപതയിലെ സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ നേതൃത്വത്തിൽ രണ്ടുപേരടങ്ങുന്ന ഒരു ടീമിനെ സൺഡേ സ്കൂൾ സന്ദർശനത്തിനായി ക്രമീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. സൺഡേ സ്കൂളുകൾ തമ്മിൽ പരസ്പരം അറിയുവാനും പരസ്പരം വളർത്തുവാനും ഈ സന്ദർശനം സഹായിക്കുമെന്നാണ് പ്രതീക്ഷ. ഇപ്രകാരമൊരു സന്ദർശനം മതാദ്ധ്യാപകർതന്നെ ഏറെക്കാലമായി ആവശ്യപ്പെടുന്നതുമാണ്. പുതുതായി ഏർപ്പെടുത്തുന്ന ഈ സംവിധാനത്തോട് ഏവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

### CJ 85/09 സൺഡേ സ്കൂൾ വാർഷിക കൺവൻഷൻ

നമ്മുടെ രൂപതയിലെ സൺഡേ സ്കൂൾ ആനുവൽ കൺവൻഷൻ 2009 ഡിസംബർ 5-ാം തീയതി ശനിയാഴ്ച രാവിലെ 9.30-ന് മുരിക്കാശ്ശേരി സെന്റ് മേരീസ് സൺഡേ സ്കൂളിൽ വച്ച് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു.

ലോഗോസ് ക്വിസിന്റെ രൂപതാതല സമ്മാനങ്ങൾ, H.C.C റാങ്ക്, ബെസ്റ്റ് സൺഡേ സ്കൂൾ അവാർഡ്, വിശ്വാസപരിശീലകരുടെ വിശിഷ്ട സേവനത്തിനുള്ള അവാർഡ്, സ്കോളർഷിപ്പ് രൂപതാതല സമ്മാനങ്ങൾ തുടങ്ങിയവ ഈ കൺവൻഷനിൽ വച്ച് അഭി. പിതാവ് നല്കുന്നതാണ്. കൺവൻഷന്റെ നടത്തിപ്പിലേക്കായി ഇതിൽ സംബന്ധിക്കുന്ന ഓരോ വ്യക്തിയും 30 രൂപാ വീതം രജിസ്ട്രേഷൻ ഫീസായി നല്കേണ്ടതാണ്. കൺവൻഷനിൽ പങ്കെടുക്കുന്നവരുടെ എണ്ണം നവംബർ 30-ാം തീയതിയ്ക്കകം ക്രിസ്തുജ്യോതി ഓഫീസിൽ അറിയിക്കേണ്ടതാണ്. സ്കോളർഷിപ്പ്, ലോഗോസ് ക്വിസ്സ് പരീക്ഷകളിൽ വിജയികളായ കുട്ടികൾ അവരുടെ മാതാപിതാക്കളോടൊപ്പം ഈ കൺവൻഷനിൽ പങ്കെടുക്കേണ്ടതാണ്.

ബൈബിൾ കലോത്സവം, ലോഗോസ് ക്വിസ്, ബെസ്റ്റ് സൺഡേസ്കൂൾ എന്നീ വിഭാഗങ്ങളിൽ 2008-2009 പ്രവർത്തന വർഷ

ത്തിൽ ട്രോഫികൾ കരസ്ഥമാക്കിയവർ അവ നവംബർ 15-ാം തീയതിയ്ക്കു മുൻപായി രൂപതാ കേന്ദ്രത്തിൽ തിരികെ ഏല്പ്പിക്കേണ്ടതാണ്.

CJ 86/09 **സൺഡേ സ്കൂൾ റീജിയണൽ കൺവൻഷൻ**

സൺഡേ സ്കൂൾ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനു മുന്നൊരുക്കമായി റീജിയണൽ കൺവൻഷനുകൾ താഴെ പറയുന്ന കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെടുന്നു.

**സമയം: രാവിലെ 9.30 മുതൽ 3.30 P.M വരെ**

എല്ലാ മതാദ്ധ്യാപകരും നിർബന്ധമായും ഈ കൺവൻഷനിൽ പങ്കെടുക്കേണ്ടതാണ്.

**1 നവംബർ 7 ശനി: ഫാത്തിമാ മാതാ ചർച്ച് കൂമ്പൻപാറ**

പങ്കെടുക്കേണ്ട ഇടവകകൾ

അടിമാലി, ആനക്കുളം, ആയിരമേക്കർ, ഇരുമ്പുപാലം, കല്ലാർ, കുരിശുപാറ, മച്ചിപ്ലാവ്, മാങ്കുളം, മൂന്നാർ, സഹായഗിരി, തോക്കുപാറ, മേരിലാന്റ്, കൂമ്പൻപാറ

**2 നവംബർ 14 ശനി: സെന്റ് തോമസ് സൺഡേ സ്കൂൾ ഇരട്ടയാർ**

പങ്കെടുക്കേണ്ട ഇടവകകൾ

ചെമ്പകപ്പാറ, ഈട്ടിത്തോപ്പ്, എഴുകുംവയൽ, ശാന്തിഗ്രാം, നെല്ലിപ്പാറ, സ്നേഹഗിരി, ഇരട്ടയാർ, കൂമ്പൻമല, നസ്രത്തുവാലി,വെള്ളയാംകുടി, മുളകരമേട്, വാഴവര, നീലിവയൽ, തങ്കമണി.

**3 നവംബർ 21 ശനി: സെന്റ് ജോർജ്ജ് സൺഡേ സ്കൂൾ വാഴത്തോപ്പ്**

പങ്കെടുക്കേണ്ട ഇടവകകൾ

ഇടുക്കി, കാൽവരിമൗണ്ട്, നാരകക്കാനം, പാണ്ടിപ്പാറ, മരിയാപുരം, വാഴത്തോപ്പ്, ഭൂമിയാംകുളം, മുളകുവള്ളി, മണിയാറൻകുടി, പൈനാവ്, ലോവർ കുളമാവ്, താന്നിക്കണ്ടം, കുതിരക്കല്ല്.

**4 നവംബർ 27 വെള്ളി: സെന്റ് മേരീസ് സൺഡേ സ്കൂൾ മുരിക്കാശ്ശേരി**

പങ്കെടുക്കേണ്ട ഇടവകകൾ

ജോസ്പുരം, മുരിക്കാശ്ശേരി, ഉപ്പുതോട്, രാജമുടി, ഉദയഗിരി, തോപ്രാംകുടി, കനകക്കുന്ന്, പെരിഞ്ചാംകുട്ടി, ബഥേൽ, വിമലഗിരി, ആന്റോപുരം, കിളിയാർകണ്ടം.





**5 നവംബർ 28 ശനി: സെന്റ് സെബാസ്റ്റ്യൻസ് സൺഡേ സ്കൂൾ നെടുങ്കണ്ടം**

പങ്കെടുക്കേണ്ട ഇടവകകൾ: നെടുങ്കണ്ടം, പാലാർ, പച്ചടി, ചേമ്പളം, മഞ്ഞപ്പാറ, മഞ്ഞപ്പെട്ടി, കല്ലുപാലം, ചെമ്മണ്ണാർ, പുഷ്പകണ്ടം, മൈലാടുംപാറ, മാവടി, കോമ്പയാർ, കട്ടക്കാലാ.

പ്രസ്തുത ദിവസങ്ങളിൽ ഏതെങ്കിലും മതാദ്ധ്യാപകർക്ക് പങ്കെടുക്കുവാൻ അസൗകര്യം ഉണ്ടെങ്കിൽ അവരുടെ സൗകര്യാർത്ഥം സ്ഥലം മാറ്റിയെടുക്കാവുന്നതും ആ വിവരം ക്രിസ്തുജ്യോതി ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

ഡയറക്ടർ

## CORPORATE EDUCATIONAL AGENCY, IDUKKI

Edn.25/09 **അക്കാഡമിക് കൗൺസിൽ സ്കോളർഷിപ്പ്**

അക്കാഡമിക് കൗൺസിൽ നടത്തുന്ന സ്കോളർഷിപ്പ് പരീക്ഷയിൽ പങ്കെടുക്കാനുള്ള കുട്ടികളുടെ ലിസ്റ്റ് നവംബർ 30-ന് മുമ്പ് ഓഫീസിൽ ഏല്പ്പിക്കേണ്ടതാണ്. ഓരോ സ്കൂളിൽ നിന്നും പരമാവധി കുട്ടികളെ ഈ മത്സരപരീക്ഷയിൽ പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

Edn.26/09 **അദ്ധ്യാപക നിയമനം**

നമ്മുടെ സ്കൂളുകളിൽ സംസ്കൃതം, അറബി തസ്തികകളിൽ നിയമിക്കപ്പെടാൻ അർഹതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. നിശ്ചിതയോഗ്യതയുള്ളവർ നവംബർ 20-ന് മുമ്പ് രൂപതാ വിദ്യാഭ്യാസ ഓഫീസിൽ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. ബഹു. വികാരിയച്ചൻമാർ ഇക്കാര്യം പള്ളികളിൽ അറിയിച്ച് സഹകരിക്കുമല്ലോ.

# സോഷ്യൽ സർവീസസ്

## SS 79/09 ഗിരിജ്യോതി ക്രെഡിറ്റ് യൂണിയൻ വാർഷിക സമ്മേളനം

ഗിരിജ്യോതി ക്രെഡിറ്റ് യൂണിയന്റെ വാർഷികസമ്മേളനം 2009 നവംബർ മാസം 14-ാം തീയതി ശനിയാഴ്ച മുരിക്കാശ്ശേരി പാവനാത്മ കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നു. രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടുകൂടി സമ്മേളനം ആരംഭിക്കും. എല്ലാ ബഹുമാനപ്പെട്ട യുണിറ്റ് രക്ഷാധികാരികളെയും യൂണിറ്റ് ഭാരവാഹികളെയും വാർഷിക സമ്മേളനത്തിലേക്ക് പ്രത്യേകമായി ക്ഷണിക്കുന്നു. ഇടവകയിൽ നിന്ന് ക്രെഡിറ്റ് യൂണിയൻ ഭാരവാഹികളെയും ക്രെഡിറ്റ് യൂണിയനു കീഴിലുള്ള സ്വാശ്രയ സംഘങ്ങളിൽ നിന്ന് ഒരു പ്രതിനിധിയെ എങ്കിലും വാർഷിക സമ്മേളനത്തിൽ പങ്കെടുപ്പിക്കുവാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## SS 80/09 MSME ട്രെയിനിംഗ്

കേന്ദ്രസർക്കാർ സ്ഥാപനമായ MSME ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കമ്പ്യൂട്ടർ MS Office പരിശീലനം മരിയാപുരത്തുള്ള HDS സെൻട്രൽ ഓഫീസിൽ ആരംഭിച്ചു. പരിശീലന പരിപാടിയുടെ മുന്നോടിയായി ഒക്ടോബർ 8-ാം തീയതി HDS ഓഫീസിൽവച്ച് നടത്തിയ പദ്ധതി വിശദീകരണ ഏകദിനശില്പശാല മരിയാപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ബിന്ദു ജോസഫ് ഉദ്ഘാടനം ചെയ്തു. MSME ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് തിരുവല്ല, ഡയറക്ടർ ശ്രീ. എസ്. മുത്തുസ്വാമി, HDS ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ, HDS ബോർഡ് മെമ്പർ ശ്രീമതി കുഞ്ഞമ്മ തോമസ് ചിറപ്പാറ തുടങ്ങിയവർ സംസാരിച്ചു.





## SS 81/09 CFL ബൾബുകൾ

ഗുണനിലവാരമുള്ള CFL ബൾബുകൾ മിതമായ നിരക്കിൽ ഒരുവർഷ ഗാരണ്ടിയോടുകൂടി വിതരണം നടത്തുന്നു. വിലവിവരം താഴെ ചേർക്കുന്നു. ആവശ്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുമല്ലോ.

11 Watts - 80 Rs
15 - 83
20 -120

## SS 82/09 SMCA -HDS Housing സബ്സിഡി

സീറോമലബാർ കൾച്ചറൽ അസോസിയേഷൻ കുവൈറ്റിന്റെ ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന ഭവനനിർമ്മാണ പദ്ധതിയിലേയ്ക്ക് യൂണിറ്റുകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടവർ വീട്പണി പൂർത്തിയാക്കി ഡിസംബർ 30-നകം സബ്സിഡി തുക HDS ഓഫീസിൽ നിന്ന് കൈപ്പറ്റേണ്ടതാണ്. വീടുപണി പൂർത്തിയാക്കാനുള്ളവർ എത്രയും വേഗം പണി പൂർത്തിയാക്കി സബ്സിഡി തുക കൈപ്പറ്റുവാൻ ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ.

## SS 83/09 IDEA സോണൽ മീറ്റിംഗ്

ഒക്ടോബർ 12,13 തീയതികളിൽ ബാംഗ്ളൂരിൽ വച്ച് നടന്ന IDEA പ്രോഗ്രാമിന്റെ സോണൽ മീറ്റിംഗിൽ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കലും കോഡിനേറ്റർ ശ്രീ. ജോയി തോമസും പങ്കെടുത്തു.

## SS 84/09 ഭക്ഷ്യസുരക്ഷാ പദ്ധതി

ഈ വർഷവും രൂപതാ സോഷ്യൽ സർവീസ് സൊസൈറ്റി നടത്തുന്ന ഭക്ഷ്യസുരക്ഷാ പദ്ധതിയിൽ യൂണിറ്റ് തലത്തിൽ മത്സരം നടത്തി ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവരുടെ പേരുവിവരം എത്രയും പെട്ടന്ന് രൂപതാ ഓഫീസിൽ അറിയിക്കുമല്ലോ.

മത്സരത്തിൽ പങ്കെടുക്കുന്ന സ്കൂളുകൾ പേരുവിവരം ഓഫീസിൽ കഴിവതും വേഗം അറിയിക്കുമല്ലോ.

**SS 85/09 യൂണിറ്റ് സന്ദർശനം**

ക്രെഡിറ്റ് യൂണിയനുകളുടെയും സ്വാശ്രയസംഘങ്ങളുടെയും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനുമായി രൂപതാ ഡയറക്ടറും ക്രെഡിറ്റ് യൂണിയൻ രൂപതാ സെക്രട്ടറിയും കുഞ്ചിത്തണ്ണി, എല്ലക്കൽ, പന്നിയാർകുട്ടി, കല്ലാർകുട്ടി, വെള്ളത്തൂവൽ, പാറത്തോട്, തട്ടേക്കണ്ണി എന്നീ യൂണിറ്റുകൾ സന്ദർശിച്ചു.

**SS 86/09 ജനശ്രീ ബീമായോജന സ്കോളർഷിപ് ഫോമുകൾ**

മുൻവർഷങ്ങളിൽ HDS മുഖാന്തിരം LIC യുടെ ജനശ്രീ ബീമാ യോജനയിൽ അംഗങ്ങളായവരുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് ലഭിക്കുന്നതിനുവേണ്ടി നിശ്ചിതഫോറത്തിൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ നിന്ന് ഒപ്പിട്ടുവാങ്ങി ഓഫീസിൽ എത്തിക്കുമല്ലോ.

**SS 87/09 ചിന്നാർനിരപ്പ് - പുതിയ യൂണിറ്റ്**

ഗിരിജ്യോതി ക്രെഡിറ്റ് യൂണിയൻ ചിന്നാർനിരപ്പ് യൂണിറ്റ് പ്രവർത്തനമാരംഭിച്ചു. 5 സ്വാശ്രയസംഘങ്ങളിലായി 85 അംഗങ്ങൾ പ്രവർത്തിക്കുന്നു. പുതിയ യൂണിറ്റിന് എല്ലാ പ്രവർത്തനഭാവുകങ്ങളും.

ഭാരവാഹികൾ

രക്ഷാധികാരി : ഫാ. ജോസഫ് പൗവ്വത്ത്
പ്രസിഡന്റ് : P.S ജോസഫ് പൂങ്കുടിയിൽ
സെക്രട്ടറി : റീജാ ജോജോ വേമ്പേനിൽ





## ചെറുപുഷ്പ മിഷൻലീഗ്

**CML 85/09 രൂപതാ മാനേജിംഗ് കമ്മറ്റിയും കുഞ്ഞേട്ടൻ അനുസ്മരണവും**

ചെറുപുഷ്പ മിഷൻലീഗ് ഇടുക്കി രൂപതാ മാനേജിംഗ് കമ്മറ്റി ക്യാമ്പും കുഞ്ഞേട്ടൻ അനുസ്മരണവും 2009 ഒക്ടോബർ 9-ാം തീയതി 6 മണിക്ക് മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ വച്ച് രൂപതാ പ്രസിഡന്റ് ശ്രീ. നോബിൾ വലിയമറ്റത്തിന്റെ അദ്ധ്യക്ഷതയിൽ റവ. ഫാ. സഖറിയ പുതിയാപറമ്പിൽ ഉദ്ഘാടനം ചെയ്തു. മുരിക്കാശ്ശേരി മേഖലാ ഡയറക്ടർ വെരി. റവ. ഫാ. എമ്മാനുവേൽ ആര്യപ്പിള്ളിൽ ആമുഖപ്രസംഗം നടത്തി. സംസ്ഥാന സെക്രട്ടറി ശ്രീ. ജോസ് മൈക്കിൾ പുതിയാപറമ്പിൽ കുഞ്ഞേട്ടൻ അനുസ്മരണ പ്രഭാഷണം നടത്തി. ക്യാമ്പിൽ ഇടുക്കി രൂപതാ സോഷ്യൽ സർവ്വീസ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ, CML രൂപതാ ഡയറക്ടർ ഫാ. കുര്യൻ കുര്യാസ് എന്നിവർ ക്ലാസ്സുകൾ നയിച്ചു. 10-ാം തീയതി മാനേജിംഗ് കമ്മറ്റി അംഗങ്ങൾ എല്ലാവരും മുരിക്കാശ്ശേരി നേർച്ചപ്പാറ മലയിലേയ്ക്ക് Outing നടത്തി. മാനേജിംഗ് കമ്മറ്റിക്ക് രൂപതാ ഡയറക്ടർ സ്വാഗതവും സെക്രട്ടറി കൃതജ്ഞതയും അർപ്പിച്ചു.

**CML 86/09 സംസ്ഥാന ഭാരവാഹികളുടെ സന്ദർശനം**

ചെറുപുഷ്പ മിഷൻലീഗ് 2008-2009 പ്രവർത്തന വർഷത്തെ ഇടുക്കി രൂപതാ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഒക്ടോബർ 18-ാം തീയതി രൂപതാ ഓഫീസ് സന്ദർശിച്ച് റിക്കാർഡുകൾ പരിശോധിച്ചു.

**CML 87/09 മോഡറേറ്റേഴ്സ് ക്യാമ്പ്**

ചെറുപുഷ്പ മിഷൻലീഗ് ഇടുക്കി രൂപതയിലെ ബഹുമാനപ്പെട്ട എല്ലാ മോഡറേറ്റർ സിസ്റ്റർമാരെയും പങ്കെടുപ്പിച്ചുകൊണ്ട്

Accompaning with children: a Psycho Spritual and pedagogical Approach എന്നപേരിൽ ഒരു ട്രെയ്നിംഗ് ക്യാമ്പ് നവംബർ 27-28 തീയതികളിൽ അടിമാലി ആത്മജ്യോതിയിൽ വച്ച് നടത്തപ്പെടുന്നു. കുട്ടികളുടെകൂടെ ഫലപ്രദമായ രീതിയിൽ ആയിരിക്കുവാൻ സഹായിക്കുന്ന ഈ പ്രധാനപ്പെട്ട പരിശീലനക്യാമ്പിൽ എല്ലാ മോഡറേറ്റർ സിസ്റ്റർമാരും പങ്കെടുക്കണമെന്ന് താത്പര്യപ്പെടുന്നു.

### CML 88/09 കുഞ്ഞുമിഷനറി ക്വിസ്സ്

ചെറുപുഷ്പ മിഷൻലീഗ് ഇടുക്കി രൂപത കുട്ടികളിൽ ദൈവവചനആഭിമുഖ്യവും മിഷൻ തീഷ്ണതയും വളർത്തുന്നതിന് കുഞ്ഞുമിഷനറി എന്ന പേരിൽ ക്വിസ്സ് പ്രോഗ്രാം നടത്തുന്നു. 3 തലങ്ങളിലായിരിക്കും മത്സരങ്ങൾ നടത്തപ്പെടുക.

1. പദപ്രശ്നം
2. ഇടവകതല എഴുത്തുപരീക്ഷ
3. രൂപതാതല മത്സരം

വിഷയങ്ങൾ

വി. ഗ്രന്ഥത്തിൽ നിന്ന് ഉല്പത്തിപുസ്തകം 25-ാം അദ്ധ്യായം മുതൽ 56 വരെയും, ഫിലിപ്പിയർക്കുള്ള ലേഖനവും 20%, ചെറുപുഷ്പ മിഷൻലീഗ് സംഘടനാ പ്രവർത്തനം 20%, വി. ജോൺ മരിയ വിയാനി 20% സഭാ ജനറൽ 20%, CML സ്ഥാപക നേതാവ് ശ്രീ. പി.സി. അബ്രാഹം പല്ലാട്ടുകുന്നേൽ 20%

### പാസ്റ്ററൽ കെയർ ഓഫ് മൈഗ്രന്റ്സ്

പഠനത്തിനും ജോലിക്കുമായി സ്വന്തം ഭവനങ്ങളിൽ നിന്നും അകന്നു കഴിയുന്ന യുവജനങ്ങളുടെ ആത്മീയകാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതിന്റെ ആവശ്യകത വലുതായിരിക്കുകയാണ്. പ്രത്യേകിച്ച് ഹൈറേഞ്ചിൽ നിന്നും നഗരങ്ങളിലേക്ക് പഠനത്തിനും ജോലിയ്ക്കുമായി പോകുന്ന യുവതീയുവാക്കൾ വളരെ അധികം പ്രശ്നങ്ങൾ നേരിടുന്നതായി നമ്മൾ അറിയുന്നുണ്ട്. ആരൊക്കെ എവിടെയൊക്കെ എന്ന് അറിയില്ലാത്തതുകൊണ്ട് അവരെ സഹായിക്കുന്ന





തിന് സാധിക്കാതെ വരുന്നു. ഈ പ്രധാനപ്പെട്ട കാര്യങ്ങളെക്കുറിച്ചെല്ലാം ഇപ്പോൾ വിവിധതലങ്ങളിൽ ചർച്ചനടക്കുന്നുണ്ട്. നമ്മുടെ രൂപതയിൽ, രൂപതാതീർത്തിക്കുപുറത്തേയ്ക്കു പോകുന്ന യുവതീയുവാക്കളെ ആത്മീകവും മാനസികവുമായി സഹായിക്കുന്നതിനുവേണ്ടി ചിലക്രമീകരണങ്ങൾ നടപ്പിൽ വരുത്തുവാൻ ആഗ്രഹിച്ചു. അവരോട് സമ്പർക്കം പുലർത്തുവാൻ ആരൊക്കെ എവിടെയൊക്കെ എന്ന് അറിയേണ്ടത് അത്യാവശ്യമാണ്. ഓരോ ഇടവകയിൽ നിന്നും നമ്മുടെ രൂപതയ്ക്ക് പുറത്തു താമസിക്കുന്ന യുവതീയുവാക്കന്മാരുടെ പേരുവിവരം ദയവായി ബഹു. വികാരിയച്ചന്മാർ സമാഹരിച്ച് രൂപതാ കേന്ദ്രത്തിൽ അറിയിക്കുമല്ലോ. ഇനിയും ആരെങ്കിലും രൂപതാതീർത്തിയ്ക്കു പുറത്തേയ്ക്ക് പോകുമ്പോൾ ഇടവകയിലും അതുവഴി രൂപതയിലും അറിയിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ഇടവക ജനങ്ങളെ ദയവായി അറിയിക്കുകയും ചെയ്യണമേ. അതിനുള്ള സർവ്വേ ഫോം ഉടൻ എത്തിച്ചു തരുന്നതായിരിക്കും.

മിഷൻലീഗ് ഡയറക്ടറുടെ പുതിയ ഫോൺ നമ്പർ: **9495234549**

## കെ.സി.എസ്.എൽ.

### KCSL34/09 K.C.S.L ഇടുക്കി രൂപത സാഹിത്യമത്സരങ്ങൾ

ഈ വർഷത്തെ രൂപതാ സാഹിത്യമത്സരങ്ങൾ ഒക്ടോബർ 3-ാം തീയതി 5 റീജിയണുകളിലായി നടത്തപ്പെട്ടു. സംസ്ഥാന സാഹത്യമത്സരങ്ങൾ ഒക്ടോബർ 17-ാം തീയതി കട്ടപ്പന സെന്റ് ജോർജ്ജ് സ്കൂളിൽ വച്ച് നടത്തപ്പെട്ടു.

## രൂപതാ സാഹിത്യമത്സര റിസൽട്ട്സ്

1. ചെറുകഥ

a) യു.പി വിഭാഗം

Ist ബെനറ്റ് മരിയ സെന്റ് സെബാസ്റ്റ്യൻസ് യു.പി.സ്കൂൾ നെടുങ്കണ്ടം
IIIrd. മീരാ സെബാസ്റ്റ്യൻ സെന്റ് മേരീസ് യു.പി. സ്കൂൾ മണിപ്പാറ

b) എച്ച്.എസ് വിഭാഗം

Ist. അനറ്റ് അൽഫോൺസാ റോയി സെന്റ് ജോർജ്ജ് ഹയർ സെക്കണ്ടറി സ്കൂൾ പാറത്തോട്
IInd. അനു ജോസ് സെന്റ് സേവ്യേഴ്സ് ഹയർ സെക്കണ്ടറി സ്കൂൾ വെള്ളയാംകുടി

c) എച്ച്.എസ്.എസ്

IInd. ഡോണി മാത്യു സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ മുരിക്കാശ്ശേരി

2. ഉപന്യാസം

a) എച്ച്.എസ്.എസ്

Ist സ്നേഹ മാത്യു ഫാത്തിമ മാതാ ഹയർ സെക്കണ്ടറി സ്കൂൾ കൂമ്പൻപാറ
IInd. മരിയ മാത്യു വിജയമാതാ സീനിയർ സെക്കണ്ടറി സ്കൂൾ തൂക്കുപാലം
IIIrd റ്റിങ്കിൾ മരിയ ജോസ് സെന്റ് ജോർജ്ജ് ഹയർ സെക്കണ്ടറി സ്കൂൾ വാഴത്തോപ്പ്

b) എച്ച്.എസ്.

Ist ഡോണാ സൂസൻ സിബി സെന്റ് സേവ്യേഴ്സ് ഹയർ സെക്കണ്ടറി സ്കൂൾ ചെമ്മണ്ണാർ
IIIrd ജോമോൾ സാലു സെ.മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ മുരിക്കാശ്ശേരി

c) യു.പി.

Ist അന്നറോസ് ബേബി ഫാത്തിമ മാതാ ഹയർ സെക്കണ്ടറിസ്കൂൾ കൂമ്പൻപാറ





IIIrd ബെനറ്റ് മരിയ സെ. സെബാസ്റ്റ്യൻസ് യു.പി.സ്കൂൾ നെടുങ്കണ്ടം

3. പെയിന്റിംഗ്

a) എച്ച്.എസ്. എസ്.

Ist ജോർഡി മാത്യു സെന്റ് സേവ്യർ ഹയർ സെക്കണ്ടറി സ്കൂൾ ചെമ്മണ്ണാർ
IInd. മെൽവിൻ തോമസ് വിജയമാതാ സീനിയർ സെക്കണ്ടറി സ്കൂൾ തൂക്കുപാലം
IIIrd ക്രിസ്റ്റി മരിയ സിറിയക് ഫാത്തിമ മാതാ ഹയർ സെക്കണ്ടറി സ്കൂൾ കൂമ്പൻപാറ

b) എച്ച്.എസ്.

IInd. ബിബിൻ ബേബി സെന്റ് സെബാസ്റ്റ്യൻ ഹൈസ്കൂൾ കാന്തിപ്പാറ
IIIrd ആൻമേരി പീറ്റർ ഫാത്തിമ മാതാ ഹയർ സെക്കണ്ടറി സ്കൂൾ കൂമ്പൻപാറ

c) യു.പി.

Ist ചിന്തു എൽജിൻ സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ നെടുങ്കണ്ടം
IInd. ഡോണി ജോസ് ക്രിസ്തുരാജ് യു.പി.സ്കൂൾ മരിയാപുരം

4. കവിതാരചന (യു.പി.)

Ist മീരാ സെബാസ്റ്റ്യൻ സെന്റ് മേരീസ് യു.പി. സ്കൂൾ മണിപ്പാറ
IInd. അന്ന ജ്യോതി ജെയിംസ് സെ. ജോർജ്ജ് യു.പി. സ്കൂൾ പാറത്തോട്
IIIrd ജിൻഷാ എബ്രാഹം സെന്റ് മേരീസ് യു.പി. സ്കൂൾ കൊള്ളിമല

5. കവിതാരചന (എച്ച്.എസ്)

Ist ഗ്രീഷ്മ ജെയിംസ് സെന്റ് തോമസ് ഹൈസ്കൂൾ തങ്കമണി
IInd. അനുമരിയ ജെയിംസ് വിജയമാതാ പബ്ലിക് സ്കൂൾ തൂക്കുപാലം
IIIrd ദിവ്യാ വി. സണ്ണി സെന്റ് തോമസ് ഹൈസ്കൂൾ പുന്നയാർ
IIIrd അലീന എലിസബത്ത് സാബു സെന്റ് മേരീസ് ഹൈസ്കൂൾ മുരിക്കാശ്ശേരി

6. കവിത (എച്ച്.എസ്.എസ്)

Ist അഞ്ചുമോൾ ബാബു ഫാത്തിമ മാതാ ഹയർ സെക്കണ്ടറി സ്കൂൾ കൂമ്പൻപാറ

IInd മനു സേവ്യർ സെന്റ് ജോർജ്ജ് ഹയർ സെക്കണ്ടറി സ്കൂൾ വാഴത്തോപ്പ്

IIIrd ഗ്രീഷ്മ മെറിൻ തോമസ് വിജയമാതാ പബ്ലിക് സ്കൂൾ തൂക്കുപാലം

**രൂപതാ സാഹിത്യ മത്സരങ്ങൾ**

1. ജനറൽ ക്വിസ്സ്

Ist ടോണി എം. തോമസ്& അതുൽ കെ. വർഗ്ഗീസ് കിളിയാർകണ്ടം

IInd നവിത ലിയോ& ആഷ്ന ചാക്കോ പാണ്ടിപ്പാറ

IIIrd സീനമോൾ എബ്രഹാം & ടൈനി ബി. ജോഷി സെന്റ് സെബാസ്റ്റ്യൻസ് യു.പി. സ്കൂൾ നെടുങ്കണ്ടം

IIIrd ഡെനിമോൾ രാജു & റോസ്മി മേരി ടോമി സെന്റ് മേരീസ് യു.പി. സ്കൂൾ കൊള്ളിമല

2. ഔറേലിയൂസ് ക്വിസ്സ്

Ist ആതിര തോമസ് & ജ്യോതി ജെയിംസ് സെന്റ്മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ മുരിക്കാശ്ശേരി

IInd ജോസ്ലിൻ ആന്റണി & മീര മരിയ ജോസ് സെന്റ്ജെറോം യു.പി. സ്കൂൾ പാണ്ടിപ്പാറ

IIIrd ഡോണാ മാത്യു& ഡാനിയാ സെബാസ്റ്റ്യൻ സെന്റ് ജോസഫ് യു.പി. സ്കൂൾ ഉപ്പുതോട്

സ്കോളർഷിപ്പ്

Ist നവ്യാമോൾ ഷാജി വെള്ളയാംകുടി

IInd ഡെനിമോൾ രാജു കൊള്ളിമല

IInd ജ്യോതി ജെയിംസ് മുരിക്കാശ്ശേരി

IIIrd ആതിര തോമസ് മുരിക്കാശ്ശേരി





IVth ജോസ്ലിൻ ആന്റണി പാണ്ടിപ്പാറ

Vth ഡെല്ലാ ജോസഫ് ഇരട്ടയാർ

VIth ജോസ്നാ ജോസ് കഞ്ഞിക്കുഴി

VIIth ആൽബിൻ ബേബി കൊള്ളിമല

കെ.സി.എസ്.എൽ.ക്വിസ്സ്

Ist ആതിര തോമസ് & ജ്യോതി ജെയിംസ് മുരിക്കാശ്ശേരി

IInd ആൽബിൻ ബേബി & ഡിപിൻ പോൾ കൊള്ളിമല

IIIrd അഞ്ജലി പി. മാത്യു & റോസ്മോൾ ജോയിക്കുട്ടി മാങ്കുളം

ബൈബിൾ വാക്യ മത്സരം

Ist നവ്യാ എബ്രഹാം രാജകുമാരി

Ist ആനന്ദ് സി. ജോണി കിളിയാർകണ്ടം

IInd സീനാമോൾ എബ്രഹാം നെടുങ്കണ്ടം

IInd അഞ്ചന ബോണ്ണി പാറത്തോട്

IInd റ്റിമിൽ ആന്റണി ഉദയഗിരി

എച്ച്. എസ്. സ്കോളർഷിപ്പ്

Ist മിന്റു ബാബു വിമല ഹൈസ്കൂൾ വിമലഗിരി

IInd മിന്നു തെരേസ സണ്ണി സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ മുരിക്കാശ്ശേരി

IIIrd അനിറ്റാ ലൂക്കോസ് സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ മുരിക്കാശ്ശേരി

## K.C.S.L Quiz

Ist കീർത്തന കെ. മാത്യു സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ ഇരട്ടയാർ

IInd അനിറ്റ ലൂക്കോസ്, അനിറ്റ് ബെന്നി സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ മുരിക്കാശ്ശേരി

IIIrd ബിന്യാ ലൂയിസ്, ആൽബിൻ ജോർജ്ജ് വിമല ഹൈസ്കൂൾ വിമലഗിരി

**ബൈബിൾ വാക്യ മത്സരം (എച്ച്.എസ്)**

Ist ജിൻസിമോൾ ജെറോമി സെന്റ് ജോസഫ് ഹൈസ്കൂൾ ഉപ്പുതോട്

IInd അലീന ജോഷി സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ മുരിക്കാശ്ശേരി

IIIrd ആകാശ് ചാക്കോ സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ ഇരട്ടയാർ

IIIrd അനഘ ജോയി സെന്റ് മേരീസ് ഹൈസ്കൂൾ വാഴവര

**ജനറൽ ക്വിസ്സ്**

Ist ഡെനാ മരിയ ജോസഫ്, റിയാ ജോസ് സാബു സെന്റ് സേവ്യർ ഹയർ സെക്കണ്ടറി സ്കൂൾ ചെമ്മണ്ണാർ

Ist ലിയാ മാത്യു, ഫിൽഡാ തോമസ് സെന്റ് ജോസഫ് ഹൈസ്കൂൾ ഉപ്പുതോട്

IInd റൂത്ത് ജി. ജോൺ, അമ്മു മരിയ അലക്സ് ഫാത്തിമ മാതാ ഹയർ സെക്കണ്ടറി സ്കൂൾ കൂമ്പൻപാറ

IInd ബിപിൻ ജേക്കബ്, ബിന്റോ ജോസഫ് സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ ഇരട്ടയാർ

IIIrd അലൻ റ്റോം, ജെറിൻ തോമസ് സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ തങ്കമണി

**എവുപ്രാസ്യാമ്മ ക്വിസ്സ്**

Ist ഫെമി ആന്റണി, ക്രിസ്റ്റി തോമസ് സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ ഇരട്ടയാർ

IInd ആഷ്നാ റ്റോം, ഷാൽബി ചാക്കോ സെന്റ് മേരീസ് ഹൈസ്കൂൾ വാഴവര

IIIrd എബിലിൻ ജോർജ്ജ്, നിവ്യാ അഗസ്റ്റ്യൻ വിമല ഹൈസ്കൂൾ വിമലഗിരി





**അൽഫോൻസാ ക്വിസ്സ് എച്ച്. എസ്**

Ist ജെസ്‌ലിൻ കെ. ജെയിംസ്, സ്നേഹ സജി ഫാത്തിമ മാതാ ഹയർ സെക്കണ്ടറി സ്കൂൾ കൂമ്പൻപാറ

IInd ശാലിനി ജോയി, മിന്നു തെരേസ സണ്ണി സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ മുരിക്കാശ്ശേരി

IIIrd നീനാ അഗസ്റ്റ്യൻ, നിവ്യാ അഗസ്റ്റ്യൻ വിമല ഹൈസ്കൂൾ വിമലഗിരി

**രൂപതാ സാഹിത്യമത്സരം ഹയർ സെക്കണ്ടറി വിഭാഗം**

1. **സ്കോളർഷിപ്പ്**

Ist അലീന സോജൻ ഇരട്ടയാർ

IInd സെറീന സണ്ണി ഇരട്ടയാർ

IIIrd മരിയ മൈക്കിൾ മുരിക്കാശ്ശേരി

2. **KCSL ക്വിസ്സ്**

Ist അഞ്ജലി അഗസ്റ്റ്യൻ & ഡോണാ മരിയ ജോസഫ് ചെമ്മണ്ണാർ

IInd സ്നേഹാ മാത്യു & ക്രിസ്റ്റി മോനിക്ക സിറിയക് കൂമ്പൻപാറ

IIIrd അനിറ്റ മേരി ജോർജ്ജ് & അനുമോൾ അബ്രാഹം ഇരട്ടയാർ

3. **മറിയം ത്രേസ്യാ ക്വിസ്സ്**

Ist അലീന സോജൻ& സെറീന സണ്ണി ഇരട്ടയാർ

IInd ചിപ്പിമോൾ ജോസഫ് & മരിയ മൈക്കിൾ മുരിക്കാശ്ശേരി

IIIrd നയന തങ്കച്ചൻ & ബിനീഷാ ബാബു കൂമ്പൻപാറ

4. **ബൈബിൾ വാക്യം**

Ist ലിജിമോൾ വർഗ്ഗീസ് സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ തങ്കമണി

IInd ഡെൽമിയ ബേബി കൂമ്പൻപാറ

IInd ജെയ്സൺ സണ്ണി സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ ഇരട്ടയാർ

**ജനറൽ ക്വിസ് ഹയർ സെക്കണ്ടറി വിഭാഗം**

Ist അഖില ജോസ് & ഡോണാ മൈക്കിൾ ഫാത്തിമ മാതാ ഹയർ സെക്കണ്ടറി സ്കൂൾ കൂമ്പൻപാറ

II[nd] മിലു കെ. മാത്യു&ജോമ ജോസ് സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ തങ്കമണി
III[rd] ജിജി സണ്ണി & അഭിലാഷ് എം.കെ. ചെമ്മണ്ണാർ
III[rd] അനീഷ് ജോയി & നവീൻ വാഴത്തോപ്പ്

**KCSL35/09 കലാമത്സരങ്ങൾ**

രൂപതാ കലാമത്സരങ്ങൾ നവംബർ 27-ാം തീയതി മുരിക്കാശ്ശേരിയിൽവച്ച് നടത്തപ്പെടുന്നതാണ്. നവംബർ 10-ാം തീയതിക്കു മുൻപായി ENTRY FORM -മുകൾ രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

**KCSL36/09 സമ്മാന കൂപ്പൺ**

സംസ്ഥാന കൂപ്പണുകളിൽ സമ്മാനർഹരായവർ നവംബർ 10 -നു മുൻപായി കൗണ്ടർ ഫോം ഓഫീസിൽ എത്തിക്കേണ്ടതാണ്.

## കെ.സി.വൈ.എം.

**KCYM 134/09 ജീസസ് നൈറ്റ് ചെമ്പകപ്പാറ**

കെ.സി.വൈ.എം ഇടുക്കി രൂപതയുടെ ആഭിമുഖ്യത്തിൽ ചെമ്പകപ്പാറയിൽ ജീസസ് നൈറ്റ് സംഘടിപ്പിച്ചു. ഫാ. ജെയിംസ് മാക്കിയിൽ, ശ്രീ. ബിനോയി മഠം, ശ്രീ. ബിജു വലിയതോവാള എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**KCYM 135/09 ജീസസ് നൈറ്റ് ഇരട്ടയാർ**

കെ.സി.വൈ.എം ഇടുക്കി രൂപതയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 17-ാം തീയതി ഇരട്ടയാറിൽ ജീസസ് നൈറ്റ് സംഘടിപ്പിച്ചു. ശ്രീ. ബിജു വലിയതോവാള, ശ്രീ. ജിൻസ് പാറയ്ക്കൽ, ശ്രീ. ബ്രീഡ് മുള്ളൂർ എന്നിവർ ക്ലാസ്സുകൾ നയിച്ചു.





**KCYM 136/09 സൗജന്യ PSC കോച്ചിംഗ്**

രൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ എല്ലാ ഞായറാഴ്ചയും വൈകിട്ട് 4 മുതൽ 6 വരെ മുളകരമേട് സെന്റ് മാർട്ടിൻ ടി പോറസ് പള്ളിയിൽ വച്ച് ഫാ.തോമസ് വട്ടമലയുടെ നേതൃത്വത്തിൽ PSC കോച്ചിംഗ് നടത്തപ്പെടുന്നു. ബഹു. അച്ചന്മാർ ഇക്കാര്യം പള്ളിയിൽ അറിയിച്ച് താൽപര്യമുള്ളവരെ പറഞ്ഞയയ്ക്കുമല്ലോ.

വിശദവിവരങ്ങൾക്ക് : ഫാ. ജോസ് മാവേലിക്കുന്നേൽ- 9446864712, ഫാ. തോമസ് വട്ടമലയിൽ- 9495044830

**KCYM 137/09 വേളാങ്കണ്ണി തീർത്ഥാടനം 2009**

വൈദികവർഷം പ്രമാണിച്ച് ബഹു. വൈദികരുടെ നേതൃത്വത്തിൽ എല്ലാ ആദ്യവെള്ളിയാഴ്ച്ചയും വേളാങ്കണ്ണി തീർത്ഥാടനം KCYM രൂപതാസമിതിയുടെയും ജ്യോതിസ് I.T.C യുടെയും സംയുക്ത ആഭിമുഖ്യത്തിൽ സംഘടിപ്പിക്കപ്പെടുന്നു. ഫൊറോനാ തലങ്ങളിലായിരിക്കും തീർത്ഥാടനം സംഘടിപ്പിക്കുന്നത്. രജി. ഫീ. 650 രൂപയാണ്. യാത്രയും താമസസൗകര്യവും ക്രമീകരിക്കുന്നതാണ്. അമ്പത് പേരുടെ ഗ്രൂപ്പുകളായിട്ടായിരിക്കും പോകുന്നത്. ബഹു. വികാരിയച്ചന്മാർ ഇക്കാര്യം പള്ളിയിൽ അറിയിച്ച് താല്പര്യമുള്ളവരുടെ പേര് രജിസ്റ്റർ ചെയ്യുമല്ലോ.

വിശദവിവരങ്ങൾക്ക് : ഫാ. ജോസ് മാവേലിക്കുന്നേൽ- 9446864712, ഫാ. ജോൺ ചേനംചിറയിൽ- 9447825140

**KCYM 138/09 അഗതികളോടൊപ്പം യുവജനങ്ങൾ**

KCYM ചുരുളി മേഖലാ ഡയറക്ടർ ഫാ. ജോൺ ചേനംചിറയുടേയും കീരിത്തോട് യൂണിറ്റ് പ്രസിഡന്റ് ജോമോന്റെയും നേതൃത്വത്തിൽ യുവജനങ്ങൾ മുരിക്കാശ്ശേരി സ്നേഹമന്ദിരം സന്ദർശിച്ച് അവരോടൊപ്പം ഒരു ദിവസം ചിലവഴിച്ച് അവർക്കായി ഭക്ഷണം പാകം ചെയ്യുകയും ഗാനമേള നടത്തുകയും ചെയ്തു. പ്രസ്തുത പരിപാടിക്ക് രൂപതാകുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**KCYM 139/09 രൂപതാ കമ്മറ്റി**

ഒക്ടോബർ 4-ാം തീയതി KCYM രൂപതാ ഓഫീസിൽ വച്ച് പ്രസി. ഷിജോ തടത്തിലിന്റെ നേതൃത്വത്തിൽ രൂപതാകമ്മറ്റി കൂടി.

KCYM 140/09 **സ്പാർക്ക് സംഗമം**

സ്പാർക്ക് ഒന്നും രണ്ടും ബാച്ച് പൂർത്തിയാക്കിയവരുടെ സംഗമം നവംബർ മാസം 14,15 തീയതികളിൽ ഭൂമിയാംകുളത്ത് വച്ച് നടത്തപ്പെടും. പ്രസ്തുത പരിപാടിക്ക് സ്പാർക്ക് കോഡിനേറ്റർ മാത്യൂസ് ഇടക്കര നേതൃത്വം കൊടുക്കും. സ്പാർക്ക് അംഗങ്ങൾ എല്ലാവരും ഇതിൽ പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

KCYM 141/09 **യുവജന ധ്യാനം**

KCYM രൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ കൂമ്പൻപാറ ഫാത്തിമാ മാതാ പള്ളിയിൽ വച്ച് നവംബർ 26,27,28,29 തീയതികളിൽ യുവജന ധ്യാനം നടക്കുന്നു. ഫാ.ഡൊമിനിക്ക് വാളവനാൽ & ടീം ആണ് ധ്യാനം നയിക്കുന്നത്. എല്ലാ ഇടവകയിൽ നിന്നും അഞ്ചിൽകുറയാത്ത യുവജന ഭാരവാഹികളെ പറഞ്ഞയയ്ക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കണേ. രജി. ഫീസ് 100 രൂപ.

വിശദവിവരങ്ങൾക്ക്: ഫാ. ജോസ് നരിതൂക്കിൽ - 9447331938, ഫാ. ജോസ് കുന്നുംപുറം -9447431800, സി. ജിൻസാ റോസ് സി.എം.സി. 04868 -275279

KCYM 142/09 **സൈക്കോ സ്പിരിച്വൽ ട്രെയിനിംഗ് - തോപ്രാംകുടി മേഖല**

24-ാം തീയതി സൈക്കോ സ്പിരിചൽ ട്രെയിനിംഗ് നടത്തപ്പെടുന്നു. ക്ലാസ്സുകൾ നയിക്കുന്നത് സണ്ണി കടൂത്താഴെ രൂപതാ ഡയറക്ടർ ഫാ. ജോസ് മാവേലിക്കുന്നേൽ. നേതൃത്വം നല്കുന്നവർ സിജോ മുതുപ്ലാക്കൽ, എബി കാക്കനാട്ട്, ജോജോ

സ്ഥലം -തോപ്രാംകുടി മരിയാഗൊരേത്തി ഓഡിറ്റോറിയം.

KCYM 143/09 **ക്യാൻസർ രോഗിക്ക് സഹായം**

കോമ്പയാർ ഇടവകാതിർത്തിയിൽ താമസിക്കുന്ന ക്യാൻസർ രോഗിയായ ബാലൻ എന്ന യുവാവിന് കെ.സി.വൈ.എം. കോമ്പയാർ യൂണിറ്റിലെ അംഗങ്ങൾ ചേർന്ന് സാമാഹരിച്ച ചികിത്സാ സഹായമായ 2000 രൂപ യൂണിറ്റ് ഡയറക്ടർ ഫാ. ജോബി പൂവത്തിങ്കൽ, പ്രസിഡന്റ് ലിജു ഇലഞ്ഞിക്കോട്, ട്രഷറർ ഷിനുബ് നടുത്തേരിൽ എന്നിവർ രോഗിയെ സന്ദർശിച്ച് കൈമാറി.





KCYM 144/09 **സൗജന്യ നേത്രചികിത്സാ ക്യാമ്പ് നടത്തി**

കെ.സി.വൈ.എം. കോമ്പയാർ യൂണിറ്റിന്റെയും കട്ടപ്പന സെന്റ് ജോൺസ് ഹോസ്പിറ്റലിന്റെയും ജില്ലാ അന്ധതാ നിവാരണ സൊസൈറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ കോമ്പയാർ സെന്റ് തോമസ് സ്കൂളിൽ വച്ച് സൗജന്യ നേത്രചികിത്സാ ക്യാമ്പ് നടത്തി. സ്കൂൾ മാനേജർ ഫാ. ടോം. ചിറക്കടവിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം. യൂണിറ്റ് ഡയറക്ടർ ഫാ. ജോബി പൂവത്തിങ്കൽ അദ്ധ്യക്ഷത വഹിച്ചു.

## ഫാമിലി അപ്പസ്തോലേറ്റ്

FA 24/09 **വിവാഹ ഒരുക്ക സെമിനാർ**

| | | |
|---|---|---|
| നവംബർ | 4-7 | -ബുധൻ - ശനി |
| | 18-21 | -ബുധൻ - ശനി |
| ഡിസംബർ | 9-12 | -ബുധൻ - ശനി |

## ആത്മജ്യോതി

| | | |
|---|---|---|
| Nov. | 3 - 4 | വൈദിക കൂട്ടായ്മ |
| | 4 - 7 | വിവാഹ ഒരുക്ക സെമിനാർ |
| | 8-13 | ആന്തരീക സൗഖ്യധ്യാനം |
| | 17 | വൈദികർക്കായുള്ള Study Forum |
| | 17 - 18 | വൈദിക കൂട്ടായ്മ |
| | 18 - 21 | വിവാഹ ഒരുക്ക സെമിനാർ |
| Dec. | 9 - 12 | വിവാഹ ഒരുക്ക സെമിനാർ |
| | 13 - 18 | ആന്തരീക സൗഖ്യധ്യാനം |

# AKCC

## അത്മായ നേതൃത്വ ശാക്തീകരണ ശില്പശാലയും വൈദികരെ ആദരിക്കലും

AKCC ഇടുക്കി രൂപതയുടെ ആഭിമുഖ്യത്തിൽ 2009 നവംബർ 27,28 (വെള്ളി,ശനി) തീയതികളിൽ "വാതിൽ' 10" എന്നപേരിൽ ഒരു അത്മായ നേതൃത്വ ശാക്തീകരണ ശില്പശാല മുരിക്കാശ്ശേരി പാവനാത്മ കോളജ് ഓഡിറ്റോറിയത്തിൽ വച്ചു നടത്തപ്പെടുന്നു. വിദഗ്ധ പരിശീലകരടങ്ങുന്ന 'ജി 2 ജി' എന്ന ടീമാണ് പരിപാടികൾക്ക് നേതൃത്വം നല്കുന്നത്. ഒരു ഇടവകയിൽ നിന്നും 2 പുരുഷന്മാരും 3 സ്ത്രീകളും പങ്കെടുക്കണമെന്ന് താത്പരിയപ്പെടുന്നു.

### വൈദികരെ ആദരിക്കൽ

2009 -'10 വൈദിക വർഷമായി ആചരിക്കുകയാണല്ലോ.അജപാലന ശുശ്രൂഷയിൽ വ്യാപൃതരായിരക്കുന്ന ബഹുമാനപ്പെട്ട വൈദികരെ ആദരിക്കുക എന്നത് ഏറ്റം മഹനീയമാണെന്ന കാര്യമാണെന്ന ബോധ്യത്തിൽ നിന്നും 2009 നവംബർ 28 ന് രൂപതയിലെ വൈദികരെ സമുചിതമായി ആദരിക്കുന്നതിന് AKCC നിശ്ചയിച്ചിരിക്കുന്നു. കൃതജ്ഞതാബലി, പൊതുസമ്മേളനം സ്നേഹവിരുന്ന് തുടങ്ങിയ പരിപാടികളാണ് നടത്തപ്പെടുക. മുരിക്കാശ്ശേരി പാവനാത്മാ കോളേജ് ഓഡിറ്റോറയത്തിൽ വച്ച് നടക്കുന്ന പ്രസ്തുത പരിപാടികളിൽ പങ്കെടുക്കുന്നതിന് എല്ലാ ബഹു. വൈദികരെയും ക്ഷണിക്കുന്നതോടൊപ്പം അത്മായ ശാക്തീകരണ ശില്പശാലയിലേക്ക് നേതൃത്വഗുണമുള്ള 2 പുരുഷന്മാരും 3 സ്ത്രീകളുമടങ്ങുന്ന ഒരു ടീമിനെ അയയ്ക്കണമെന്നും അഭ്യത്ഥിക്കുന്നു.

# മാതൃദീപ്തി

## രൂപതാതല തെരഞ്ഞെടുപ്പ്

മാതൃദീപതി രൂപതാതല തെരഞ്ഞെടുപ്പ് 2009 നവംബർ 21 -ന് കരിമ്പനിലുള്ള രൂപതാ ഓഫീസിൽ വച്ച് രാവിലെ 10.30 ന് നടത്തപ്പെടുന്നു. എല്ലാ മേഖലകളിൽ നിന്നുമുള്ള പ്രസിഡന്റ്, വൈ. പ്രസിഡന്റ്, സെക്രട്ടറി, ജോ. സെക്രട്ടറി, ട്രഷറർ, എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവരെ ബഹു. മേഖലാ മോഡറേറ്റർക്കൊപ്പം പറഞ്ഞയയ്ക്കാൻ ബഹു. മേഖലാ ഡയറക്ടർമാർ ശ്രദ്ധിക്കുമല്ലോ.

### പ്രഷർ കുക്കർ ഇൻസ്റ്റാൾമെന്റ്

മാതൃദീപ്തി ശാഖാതലത്തിൽ ഫണ്ട് സമാഹരണത്തിന് രൂപം കൊടുത്ത പ്രഷർകുക്കർ ഇൻസ്റ്റാൾമെന്റ് പദ്ധതിയിൽ നവംബർ 20 വരെ ആളുകളെ ചേർത്ത് നവംബർ 30ന് പണം സ്വരൂപിച്ച് നല്കേണ്ടതാണ്.ഓരോശാഖയിലും എത്രഎണ്ണം ആവശ്യമുണ്ടെന്ന് നവം. 25 ഓടുകൂടി രൂപതാകേന്ദ്രത്തിൽ അറിയിക്കുമല്ലോ.

ഫോൺ: 9496806003

# K.C.B.C വിമൻസ് കമ്മീഷൻ

### നന്ദി

സ്ത്രീശാക്തീകരണ സെമിനാറിലേയ്ക്ക് 84 ഇടവകകളിൽ നിന്നായി 290 ലധികം സ്ത്രീകൾ പങ്കെടുക്കാൻ സഹായിച്ച എല്ലാ ബഹു. വികാരിയച്ചൻമാർക്കും ബഹു. സിസ്റ്റർമാർക്കും, മാതൃദീപ്തി, യുവദീപ്തി ഭാരവാഹികൾക്കും ഹൃദയം നിറഞ്ഞ നന്ദി. തുടർന്നും സ്ത്രീകൾക്കായി നടത്തപ്പെടുന്ന പരിപാടികളിലേയ്ക്ക് നിങ്ങളുടെ സഹകരണം നല്കണേ.

### അഭിനന്ദനങ്ങൾ

K.C.B.C വിമൻസ് കമ്മീഷന്റെ ജോയിന്റ് സെക്രട്ടറിയായി നിയമിതയായ ശ്രീമതി. റോസക്കുട്ടി അബ്രാഹം ചിറയ്ക്കലിന് അഭിനന്ദനങ്ങൾ.

# കുടുംബകൂട്ടായ്മ

(1) ഇൻഡ്യയിലെ 160 രൂപതകളിലേയും കുടുംബകൂട്ടായ്മ പ്രവർത്തനങ്ങൾക്ക് പ്രചോദനം നൽകാൻ C.B.C.I. യുടെ ആഭിമുഖ്യ

ത്തിൽ രൂപീകൃതമായ നാഷണൽ സർവ്വീസ് ടീമിന്റെ നാഷണൽ സെക്രട്ടറിയായി പ്രവർത്തിച്ചുകൊണ്ടിരുന്ന ഡോ. പോൾ പുത്തനങ്ങാടി അനാരോഗ്യം മൂലം തൽസ്ഥാനം ഒഴിഞ്ഞതിനാൽ റവ. ഫാ. തോമസ് വിജയ് നിയമിതനായിരിക്കുന്നു. എല്ലാ രൂപതകളുടേയും ഡയറക്ടർമാരുടേയും വിവിധ രൂപതകളിൽ നിന്നുള്ള ഏതാനും മെത്രാന്മാരുടേയും സമ്മേളനത്തിലാണ് N.S.T. ചെയർമാൻ റൈറ്റ് റവ. ഡോക്ടർ തോമസ് ഡാബ്രെ ഈ നിയമന വിവരം വെളിപ്പെടുത്തിയത് പോൾ പുത്തനങ്ങാടിയച്ചന് സമുചിതമായ യാത്രയയ്പ്പും നല്കി. തോമസ് വിജയ് അച്ചന് ആശംസകളും പ്രാർത്ഥനകളും നേർന്നു.

(2) കുടുംബകൂട്ടായ്മയെ സംബന്ധിച്ച് വിവിധ കാലഘട്ടങ്ങളിലെ സഭാ പ്രബോധനങ്ങൾ :

a) അത്മായരും സന്യസ്തരും വൈദികരും പരസ്പരം അംഗീകരിക്കുകയും സഹോദരീസഹോദരന്മാപ്പോലെ കരുതുകയും ചെയ്യുന്ന കൂട്ടായ്മകളുടെ കൂട്ടായ്മയായിരിക്കും നാളത്തെ ഏഷ്യയിലെ സഭ തിരുവചനാനുഭവത്തിലൂടെ ഉത്ഥിതനായ ക്രിസ്തുവിന്റെ സാന്നിദ്ധ്യം നിറഞ്ഞ കുടുംബകൂട്ടായ്മകൾ പടുത്തുയർത്താൻ എല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നു. കൂട്ടായ്മകളിൽ വചനം പങ്കുവയ്ക്കുകയും പ്രാർത്ഥനയിലും അനുദിന ജീവിതവ്യാപാരങ്ങളിലും ഒരേമനസ്സോടും ഒരേഹൃദയത്തോടും കൂടി പരസ്പരം സഹായിച്ച് മുന്നേറുകയും ചെയ്യുന്നു. (ഏഷ്യയിലെ മെത്രാന്മാരുടെ ബന്ദുംഗ് സമ്മേളനം 1990)

b) കുടുംബകൂട്ടായ്മകൾ സഭയ്ക്കുള്ളിൽ ഇന്ന് ഊർജ്ജസ്വലതയുടെ അടയാളമാണ്. സുവിശേഷവേലയ്ക്കും അതിനുള്ള ഒരുക്കത്തിനും പറ്റിയ വേദികളാണ്. സ്നേഹത്തിന്റെ സംസ്കാരത്തിൽ അടിത്തറ പണിയുന്ന ഒരു പുതിയ സാമൂഹ്യക്രമം രൂപപ്പെടുത്തുന്നതിന്റെ തുടക്കം കുറിക്കുന്ന കേന്ദ്രങ്ങളാണിവ. കുടുംബകൂട്ടായ്മകൾ ഇടവകയെ കേന്ദ്രീകരിച്ച് സംഘടിപ്പിക്കുകയാണ് ചെയ്യുക. അതേസമയം ഇടവകയുമായി ഉറ്റബന്ധത്തിലായിരിക്കുകയും ചെയ്യുന്നു. താൻ സമൂഹത്തെ മുഴുവനായി പ്രതിനിധാനം ചെയ്തുപ്രവർത്തിക്കുന്നു എന്ന പ്രതീതി അനുഭവിക്കാൻ കഴിയുന്നു. സമൂഹത്തിൽ തങ്ങൾ സജീവ പങ്കാണ് വഹിക്കുന്നതെന്ന തോന്നൽ ഓരോ സ്ത്രീയും പുരുഷനും





ഉണ്ടാകുന്നു. പൊതുലക്ഷ്യത്തിൽ പങ്കുചേരാൻ അവർ പ്രോത്സാഹിപ്പിക്കപ്പെടുന്നു. ക്രിസ്തുവിനോടുള്ള സ്നേഹം തുടിക്കുന്നവരായി ത്തീർന്ന് വിഘടനങ്ങൾക്കും ജാതിവർഗ്ഗ ചിന്തകൾക്കും അതീതമായി വർത്തിക്കുവാൻ എങ്ങനെ കഴിയുന്നു എന്ന് തെളിയിക്കുകയും ചെയ്യുന്നു. (രക്ഷകന്റെ മിഷൻ: 51 ജോൺപോൾ II)

c) മഹാകുടുംബമാകുന്ന സഭയുടെ മൂർത്തരൂപം അനുഭവവേദ്യമാകുന്ന രൂപതകളിലും ഇടവകകളിലും കുടുംബകൂട്ടായ്മകളിലും മറ്റു സഭാപ്രവർത്തനരംഗങ്ങളിലും സഭ അതിന്റെ വാതിലുകൾ അഭയമില്ലാത്തവർക്കായി ഇനിയും മലർക്കെ തുറക്കേണ്ടിയിരിക്കുന്നു. ഈ ലോകത്തിൽ ഭവനരഹിതരായി ആരുമില്ല. അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ എല്ലാവർക്കും സഭ എന്നും അഭയമേകുന്നു. ഭവനമായി കുടുംബമായി നിലകൊള്ളുന്നു. (ക്രിസ്തീയ കുടുംബം; 85; ജോൺ പോൾ II)

d) ഏകവും പരിശുദ്ധവും സാർവ്വത്രികവും ശ്ലൈഹികവുമായ സഭയുടെ തനിപ്പകർപ്പുകളായ കൂട്ടായ്മകളെയാണ് കുടുംബകൂട്ടായ്മകൾ വഴി ലക്ഷ്യം വയ്ക്കുന്നത്. അത്മായർ ജീവിക്കുന്ന ചുറ്റുപാടുകളിൽ അവരുടെ അനുദിന ജീവിതപ്രശ്നങ്ങളിൽ സഭയെ ബന്ധപ്പെടുത്താനുള്ള ഉപാധിയാണ് കുടുംബക്കൂട്ടായ്മകൾ. സഭ ഇന്ന് കുടുംബകൂട്ടായ്മകളിലൂടെ വിശ്വാസികളുടെ ജിവിതസാഹചര്യങ്ങളിൽ അവതരിപ്പിക്കണം. (ആഫ്രിക്കൻ മെത്രാൻമാരുടെ സമ്മേളനം 1979)

e) ഒരു ശരീരത്തിന്റെ മുഴുവൻ വളർച്ചയ്ക്കും സുസ്ഥിതിക്കുമായി നിരന്തരം പ്രവർത്തിക്കുന്ന കോശങ്ങൾപോലെയാണ് സഭയിൽ ചെറിയ ക്രൈസ്തവ സമൂഹങ്ങൾ. ഓരോ ക്രിസ്ത്യാനിക്കും സഭയിലുള്ള തന്റെ ദൗത്യം നിറവേറ്റാൻ അവസരമൊരുക്കുന്ന ചെറിയ ക്രൈസ്തവസമൂഹങ്ങളുടെ രൂപികരണവും വളർച്ചയും നമ്മുടെ എല്ലാ ഇടവകകളിലും പ്രോത്സാഹിപ്പിക്കണം (ഇൻഡ്യയിലെ മെത്രാന്മാരുടെ സമ്മേളനം, വാരണാസി, 1998; 3.2)

f) ഇന്നത്തെ സഭയുടെ മുന്നിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുവാൻ എപ്രകാരമുള്ള സഭാ സമൂഹമാണ് ആവശ്യമെന്ന് ചിന്തിച്ചപ്പോൾ ഞങ്ങൾക്കുമുന്നിൽ തെളിഞ്ഞുവന്നത് സഭാ പ്രവർത്തനങ്ങൾ, ആലോചന മുതൽ വിവിധ പദ്ധതികളുടെ നടപ്പിലാക്കൽ വരെ, അയൽപക്ക

ങ്ങളിൽ ഒരുമിച്ചു കൂടുന്ന ചെറിയ ക്രൈസ്തവസമൂഹങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന വിശ്വാസികളുടെ സമൂഹമായ മാതൃക ഇടവകകളും രൂപതകളുമാണ്. ശുശ്രൂഷിക്കപ്പെടുവാനല്ല ശുശ്രൂഷിക്കാനാണ് വന്നത് എന്ന ഈശോയുടെ മാതൃകയിലുള്ള ആധിപത്യേതര നേതൃത്വമാണ് ഇത്തരത്തിൽ രൂപീകൃതമാകുന്ന സഭയ്ക്ക് ഉണ്ടാകേണ്ടത്. (C.B.C.I.പൂന കോൺഫ്രൻസ് 1992)

g) സഭാംഗങ്ങൾക്ക് സുവിശേഷാനുസരണമായ സഹോദരസ്നേഹത്തിലും ശുശ്രൂഷയിലും പ്രകാശനമായ ഒരു നവസമൂഹം പടുത്തുയർത്തുവാൻ കുടുംബകൂട്ടായ്മകളുടെ പങ്ക് വളരെ വലുതാണ്. (ഏഷ്യയിലെ സഭ: ജോൺ പോൾ II E.A. 25)

h) സഭാംഗങ്ങൾ കൂട്ടായ്മകളിൽ വചനം തന്നെയാകുന്ന ഈശോയുടെ ചുറ്റും ഒരുമിച്ചുകൂടി ദൈവവചനം പങ്കുവച്ചും വി. കുർബാനയാൽ പരിപോഷിക്കപ്പെട്ടും ഉത്ഥിതനായ ക്രിസ്തുവിന്റെ സാന്നിദ്ധ്യാനുഭവത്തിൽ തങ്ങളുടെ അയൽപക്കങ്ങളിൽ സ്നേഹവും പരസ്പരമുള്ള പരിഗണനയും പങ്കുവയ്ക്കലും സാദ്ധ്യമാകുന്നു. ഇടുങ്ങിയ സ്വാർത്ഥചിന്തയിൽ കഴിയാതെ എല്ലാ മനുഷ്യരുമായി സഹകരിച്ച് സുവിശേഷ ചൈതന്യം പ്രസരിപ്പിക്കുവാൻ കുടുംബ കൂട്ടായ്മകൾക്കു സാധിക്കുന്നു.

**3. കുടുംബകൂട്ടായ്മകൾ മാനുഷിക സമൂഹത്തിലേയ്ക്കു വളരണം.**

നാഗ്പൂർ വച്ചുനടന്നഅഖിലേന്ത്യ കുടുംബക്കൂട്ടായ്മ രൂപത തല ഡയറക്ടേഴ്സിന്റെ മീറ്റീംഗിൽ വച്ച് ക്രൈസ്തവ കുടുംബകൂട്ടായ്മകൾ മറ്റു മതവിഭാഗങ്ങളിൽപെട്ട സഹോദരങ്ങൾക്കുകൂടി ഉപകാരപ്പെടത്തക്ക വിധത്തിൽ വചനബദ്ധമായ സാമൂഹ്യപ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ചർച്ചകൾ നടത്തുകയും ഇപ്പോൾ തന്നെ ബോംബെ, കോട്ടാർ രൂപതകളിൽ നടപ്പാക്കിയിരിക്കുന്ന മാനുഷികപ്രവർത്തനങ്ങൾ മാതൃകയാക്കി എല്ലാ രൂപതകളിലും സുവിശേഷവത്ക്കരണ പരിപാടികൾ ആസൂത്രണം ചെയ്യണമെന്നും തീരുമാനമായി. വചനസന്ദേശം ജീവിതത്തിൽ പ്രാവർത്തികമാക്കി സുവിശേഷോന്മുഖമായി ജീവിതത്തിലേക്ക് എല്ലാ ജനവിഭാഗങ്ങളേയും ആകർഷിക്കുവാൻ സാധിക്കണമെന്ന നിർദ്ദേശവും ഉയർന്നുവന്നു. കുടുംബകൂട്ടായ്മകളുടെ ആവശ്യകതയെയും അവ





യുടെ പ്രവർത്തന പ്രാധാന്യത്തെയും കുറിച്ച് കാലാകാലങ്ങളിൽ സഭ നല്കിയിട്ടുള്ള തീരുമാനങ്ങൾ, (നിർദ്ദേശങ്ങൾ) ഈ കാലഘട്ടത്തിലെ അവസ്ഥയുമായി വിലയിരുത്തുകയും ചെയ്തു.

**4. ഉണ്ണിശോയ്ക്കു 'ഒരു രൂപ'**

കഴിഞ്ഞവർഷം നല്കിയ ആഹ്വാനമനുസരിച്ച് ഇരുപത്തഞ്ചു നോമ്പിലെ (ഡിസം.1-25) ഓരോ ദിവസവും ഒരു കുടുംബം ഒരു രൂപ വീതം മാറ്റി വച്ച് ഇടവകകളിൽ കൂട്ടായ്മകളിലൂടെ സമാഹരിച്ച തുക കൊണ്ട് പല ഇടവകകളിലും പാവപ്പെട്ടവർക്ക് വീടുവയ്ക്കാനുള്ള സഹായം കൊടുക്കാനും പാവപ്പെട്ട പെൺകുട്ടികൾക്ക് വിവാഹസഹായമായി നല്കാനും പഠനസഹായം നല്കാനും സാധിച്ചു. കുറെ ഇടവകകൾ സന്മനസ്സോടെ അവിടെ സമാഹരിച്ച തുകയുടെ പത്തു ശതമാനം കുടുംബകൂട്ടായ്മ സെൻട്രൽ ഓഫീസിലേയ്ക്കു നല്കുകയും അങ്ങിനെ കഴിഞ്ഞവർഷം സെൻട്രൽ ഫണ്ടിലേക്ക് 11000 രൂപ കൂടിച്ചേർക്കാൻ സാധിക്കുകയും ചെയ്തു. സഹകരിച്ച ഇടവകകൾക്കും ബഹു. അച്ചന്മാർക്കും പ്രത്യേകം നന്ദിയറിയിക്കുന്നു.

ഈ വർഷവും കൂട്ടായ്മകളുള്ള ഇടവകകളിൽ ഉണ്ണീശോയ്ക്കു ഒരു രൂപ സംഭാവന സ്വീകരിച്ച് കൂട്ടായ്മകളുടെ സഹായത്തോടെ സാമൂഹ്യപ്രവർത്തനങ്ങൾ നടത്തുവാൻ ശ്രദ്ധിക്കണമെന്നും സമാഹരിക്കുന്ന തുകയിൽ 10% രൂപത കുടുംബ കൂട്ടായ്മപ്രവർത്തനങ്ങൾക്കായി നല്കണമെന്നും അഭ്യർത്ഥിക്കുന്നു.

ഡയറക്ടർ

## തിരുബാലസഖ്യം

തിരുബാലസഖ്യത്തിലെ കുട്ടികളുടെ ഈ വർഷത്തെ രൂപതാ മത്സരം 2009 ഡിസംബർ 12-ാം തീയതി 9. 00 AM ന് വാഴത്തോപ്പ് സെന്റ് ജോർജ്ജ് ഹൈസ്കൂളിൽ വച്ച് നടത്തപ്പെടുന്നതാണ്. നേരത്തെ അറിയിച്ചിരുന്നതുപോലെ ഓരോ ശാഖയിലും നടത്തിയ മത്സരങ്ങളിൽ I$^{st}$ കിട്ടിയ കുട്ടികളെയാണ് രൂപതാ മത്സരത്തിൽ പങ്കെടുപ്പിക്കേണ്ടത്.

**മത്സര ഇനങ്ങൾ**

പ്രസംഗം -3 മിനിട്ട്

വിഷയം -ഈശോ നമ്മുടെ നേതാവ്;വൈദിക വർഷത്തിന്റെ പ്രസക്തി

സംഗീതം -ക്രിസ്തീയ ഭക്തിഗാനം

സിംഗിൾ ഡാൻസ് -ക്രിസ്തീയ ഗാനം വേണം

ബൈബിൾ വായന -(സീനിയർ) പുതിയനിയമത്തിൽ നിന്ന്

ബൈബിൾ വാക്യം എഴുത്ത് -(സീനിയർ) പുതിയ നിയമത്തിൽ നിന്നോ പഴയനിയമത്തിൽ നിന്നോ ഇഷ്ടമുള്ള വചനം എഴുതാം- അദ്ധ്യായവും വാക്യവുംകൂടി എഴുതണം.

വിശുദ്ധരുടെ കഥ പറയൽ - സമയം 3 മിനിറ്റ്

വിശുദ്ധരുടെ ജനനം, മരണം, പ്രധാനസംഭവങ്ങൾ കഥയിൽ ഉൾപ്പെടുത്തേണ്ടതാണ്.

ജൂണിയർ - 2002 ജൂൺ 1 ന് ശേഷം

സീനിയർ - 2002 ജൂൺ 1 ന് മുമ്പ് ജനിച്ചവർ

N.B നവംബർ 14-ാം തീയതിക്കു മുൻപ് ശാഖാതല മത്സരങ്ങൾ നടത്തേണ്ടതാണ്.

## സെന്റ് വിൻസെന്റ് ഡീ പോൾ സൊസൈറ്റി

### പുതിയ കോൺഫറൻസുകൾ

രൂപതയിൽ 4 ഇടവകകളിൽക്കൂടി സംഘടനയുടെ യൂണിറ്റുകൾ രൂപികരിച്ച് പ്രവർത്തനമാരംഭിച്ചു. ആന്റോപുരം സെന്റ് ആന്റണീസ്, കട്ടക്കാലാ സെന്റ് ജോർജ്ജ്, ചേമ്പളം സെന്റ് ജോസഫ്, പള്ളിക്കുന്ന് സെന്റ് ജോർജ്ജ് എന്നിവയാണ് കോൺഫറൻസുകൾ.

### ഏ.സി. സെമിനാറുകൾ

വിൻസെൻഷ്യൻ പ്രവർത്തകർക്ക് ഉപവി പ്രവർത്തനങ്ങൾ ക്രിസ്തീയാരൂപിയിൽ നടത്തുന്നതിന് ആദ്ധ്യാത്മികമായ വീക്ഷണവും വളർച്ചയും അനിവാര്യമാണെന്ന അടിസ്ഥാനത്തിൽ ഈ





വർഷത്തെ ഏ.സി. സെമിനാറുകളിൽ പ്രവർത്തകർക്ക് ആദ്ധ്യാത്മിക ഉണർവിനുതകുന്ന ക്ലാസ്സുകൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

### വൈദികവർഷാചരണം

വൈദികവർഷാചരണത്തോടനുബന്ധിച്ച് കോൺഫറൻസ് യോഗങ്ങളിലെ പ്രാർത്ഥനയോടൊപ്പം വൈദികർക്കുവേണ്ടിയുള്ള പ്രാർത്ഥനകൂടി ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു. 2009 നവംബർ 21-ന് കോൺഫറൻസുകൾ വൈദികദിനമായി ആചരിക്കുന്നു. അന്നേ ദിവസം വൈദികർക്കുവേണ്ടി ദിവ്യബലി അർപ്പിക്കുന്നതും അതിൽ കോൺഫറൻസ് അംഗങ്ങളും, സഹായകാംഗങ്ങളും, ദത്തു കുടുംബാംഗങ്ങളും പങ്കെടുക്കുന്നതുമാണ്.

സി.സി. പ്രസിഡന്റ്



## വാർത്തകളും വിശേഷങ്ങളും

### ലൗ ജിഹാദ്: (ബോധപൂർവ്വകമായ പ്രണയകുരുക്ക്)

തീവ്രവാദത്തിന് പ്രണയത്തിന്റെ മുഖം നല്കി പുതിയൊരു യുദ്ധമുഖം തുറക്കുകയാണ് ലൗ ജിഹാദ്, റോമിയോ ജിഹാദ് എന്നൊക്കെ അറിയപ്പെടുന്ന പ്രസ്ഥാനങ്ങൾ. യഥാർത്ഥ മുസൽമാന് ഒരിക്കലും സഹോദരന് ദോഷകരമാവുന്ന യാതൊരു പ്രവർത്തിയും ചെയ്യാൻ സാധിക്കില്ല. എന്നാൽ തീവ്രവാദത്തിന്റെ പുതിയ യുദ്ധമുഖങ്ങൾ അന്വേഷിക്കുന്ന യോദ്ധാക്കളുടെ മനസിലാണ് മതപരിവർത്തനത്തിലൂടെ ലോകത്ത് മുസ്ലീം ജനതയെ ഭൂരിപക്ഷത്തിലാക്കുക എന്ന യുദ്ധതന്ത്രം ഉരിത്തിരിഞ്ഞത്. ഇതിനായി പ്രണയത്തിന്റെ മേൽകുരുക്ക് അണിഞ്ഞ് കാമ്പസിൽ പ്രണയപരാഗം പരത്തും എന്നതാണ് ലൗജിഹാദികൾ സ്വന്തം മുദ്രാവാക്യമായി സ്വീകരിച്ചിരിക്കുന്നത്. 2005 മുതൽ ഇതുവരെയായി നാലായിരത്തിലേറെ പെൺകുട്ടികൾ പ്രണയത്തിൽ കുരുങ്ങി മതംമാറ്റത്തിന് വിധേയമായിട്ടുണ്ട്. ക്രിസ്ത്യൻ- ഹൈന്ദവ പെൺകുട്ടികളെയാണ് ഇവർ പ്രണയത്തിൽ കുരുക്കി മതംമാറ്റത്തിന് വിധേയമാക്കുന്നത്.

വളരെ ബോധപൂർവ്വം പ്രണയത്തിന്റെ ഒരു കുരുക്ക് നിർമ്മിച്ചെടുക്കുകയാണ് ലൗ ജിഹാദികൾ ആദ്യം ചെയ്യുന്നത്. വിശ്വാസത്തിന്റെ സംരക്ഷകരാകേണ്ട പുതുതലമുറയെ ഉത്തമരാക്കേണ്ടത് മാതാപിതാക്കളും, ഗുരുഭൂതരും, ആത്മീയ ഉപദേഷ്ടാക്കളുമടങ്ങുന്ന സമൂഹമാണ്. അതായത് നാം.

### ഡി.എസ്.ടി സഭാ സ്ഥാപകൻ ഫാ. ജേക്കബ് താഴത്തേൽ അന്തരിച്ചു.

ഡോട്ടേഴ്സ് സെന്റ് തോമസ് മിഷനറി സന്യാസിനി സമൂഹത്തിന്റെ സ്ഥാപകൻ ഫാ. ജേക്കബ് താഴത്തേൽ (98) അന്തരിച്ചു. 1969 -ൽ അരുവിത്തുറയിലാണ് ഈ സന്യസിനിസമൂഹത്തിന് തുടക്കം. സീറോ മലബാർ സഭയിലെ ആദ്യത്തെ ഏതദ്ദേശീയ മിഷനറി സന്യാസിനി സമൂഹമാണിത്.

ഫാ. ജേക്കബ് താഴത്തേൽ 1912-ൽ ഭരണങ്ങാനം ഇടവകയിലെ അമ്പാറയിൽ താഴത്തേൽ കുരുവിള - അന്ന ദമ്പതികളുടെ ആറാമത്തെ പുത്രനായി ജനിച്ചു. 1937 ഡിസംബർ 21 -ന് ചങ്ങനാശ്ശേരി രൂപതയുടെ മെത്രാനായിരുന്ന മാർ ജയിംസ് കാളാശ്ശേരിയിൽ നിന്നു വൈദികപട്ടം സ്വീകരിച്ചു. 1937 ഡിസംബർ 22ന് പ്രഥമ ദിവ്യബലിയർപ്പിച്ചു. 1967-ൽ അരുവിത്തുറ ഫൊറോനാ പള്ളി വികാരിയായിരിക്കുമ്പോഴാണ് ഡി.എസ്.ടി. സഭ സ്ഥാപിച്ചത്. ഫാ. ജേക്കബ് താഴത്തേലിന്റെ സംസ്ക്കാരം ഭരണങ്ങാനം ഫൊറോനാപള്ളി സെമിത്തേരിയിൽ നടത്തി.

ജിവിതത്തിലുടനീളം നന്മയിലൂന്നിയുള്ള പ്രവർത്തനം നിർവ്വഹിക്കുകയും അതിലൂടെ സഭയുടെ പ്രവർത്തനമേഖലകളെ വിശ്വാസം കടന്നുചെന്നിട്ടില്ലാത്ത മേഖലകളിലെത്തിക്കുകയും ചെയ്ത കർമ്മയോഗിയെയാണ് തിരുസഭയ്ക്ക് നഷ്ടമായിരിക്കുന്നത്.





## അറിയിപ്പുകൾ



### വിമോചന സമര കനകജൂബിലി

ലോകശ്രദ്ധയാകർഷിച്ച വിമോചനസമരത്തിന്റെ കനകജൂബിലി സംസ്ഥാനതലത്തിൽ വിപുലമായ തോതിൽ കേരള കാത്തലിക് ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ നവംബറിൽ എറണാകുളത്ത് വച്ച് നടത്തുകയാണ്. (അഖില കേരള കത്തോലിക്കാ കോൺഗ്രസ്സ്, ലാറ്റിൻ കാത്തലിക് കോൺഗ്രസ്സ്, മലങ്കര കാത്തലിക് അസോസിയേഷൻ എന്നീ സംഘടനകളുടെ ഫെഡറേഷനാണ് കേരളാ കാത്തലിക് ഫെഡറേഷൻ). പ്രസ്തുത സമ്മേളനത്തിൽ വച്ച് വിമോചനസമര സേനാനികളെ ആദരിക്കുന്നതാണ്. വിമോചനസമരത്തിൽ പങ്കെടുത്തവരുടെയും നേതൃത്വം നൽകിയവരുടെയും പേരും മേൽവിലാസവും ജോൺ കച്ചിറമറ്റം ജനറൽ കൺവീനർ, വിമോചനസമര കനകജൂബിലി കമ്മറ്റി, പിഴക് പി.ഒ. 686 655 കോട്ടയം എന്ന വിലാസത്തിൽ കഴിയുന്നത്ര വേഗം ലഭിക്കത്തക്കവിധം അയച്ചുകൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ബഹു. വികാരിമാർ ഇടവകയിലോ സമീപ പ്രദേശത്തോ ഉള്ളവരുടെ ലിസ്റ്റ് അയച്ചുകൊടുക്കുവാൻ ശ്രമിക്കണമെ. വിശദവിവരങ്ങൾ സേനാനികളെ ഇവിടെ നിന്നും നേരിട്ട് അറിയിക്കുന്നതാണ്. വിമോചന സമരത്തിൽ പങ്കെടുത്തവർക്കും നേരിട്ട് ലിസ്റ്റ് അയയ്ക്കാവുന്നതാണ്.

ഫാ. ജോസ് കോട്ടയിൽ
സ്പിരിച്ചൽ അഡ്വൈസർ.

### General Team of the Congregation of the Medical Sisters of St. Joseph

| | |
|---|---|
| Sr. Jyotis | - Superior General |
| Sr. Jerome | - Asst. Superior General cum Directress of Medical Apostolate |
| Sr. Roger | - Councillor cum Directress of Formation |
| Sr. Rani | - Councillor cum Directress of Social Evangelization |
| Sr. Lilly | -Councillor cum Directress of Social Apostolate |
| Sr. Elsitta | - Procurator General |
| Sr. Sangeetha | - Secretary General |

## രൂപതാദ്ധ്യക്ഷന്റെ ഡയറി

**2009 സെപ്റ്റംബർ**

23 അഭിവന്ദ്യ പിതാവ് കരിമ്പൻ DST Convent ൽ ദിവ്യബലി യർപ്പിച്ച് സന്ദേശം നൽകി.

24 CMC പ്രൊവിൻഷ്യൽ ഹൗസിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

* അടിമാലി SD Convent -ൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

26 വാഴത്തോപ്പ് സെന്റ് ജോർജ് സ്കൂളിൽ വച്ചുനടന്ന സ്കൂൾ മാനേജർ അബ്രാഹം പുറയാറ്റച്ചന്റെ ജൂബിലിയാഘോഷ സമ്മേളനം ഉദ്ഘാടനം ചെയ്തു.

27 മൂന്നാർ പള്ളിയിൽ വി. മിഖായേലിന്റെ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകുകയും പുതിയ ദൈവാലയത്തിന്റെ ശിലാസ്ഥാപനം നടത്തുകയും ചെയ്തു.

28 കരിമ്പൻ FCC നോവിഷ്യേറ്റ് ഹൗസിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

29 വിമലഗിരി CMC Convent - ൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

30 വെള്ളക്കയം LAR Convent -ൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

**ഒക്ടോബർ**

1 മൂക്കന്നൂർ CST ആശ്രമത്തിൽ വി. കൊച്ചുത്രേസ്യായുടെ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

3 വാഴത്തോപ്പ് ഇടവകയിൽ ഇടവകദിനാഘോഷവും പെ. ബഹു. വികാരിയച്ചന്റെ ജൂബിലിയാഘോഷവും ഉദ്ഘാടനം ചെയ്തു.





4 കട്ടപ്പന ഇരുപതേക്കർ അസ്സിസീ ആശ്രമത്തിൽ വി. ഫ്രാൻസീസ് അസ്സിസിയുടെ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലി യർപ്പിച്ച് സന്ദേശം നൽകി.

5 കരിമ്പൻ FCC നോവിഷ്യേറ്റ് ഹൗസിൽ വി. ഫ്രാൻസീസ് അസ്സിസിയുടെ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

6 അടിമാലി Morning Star Convent -ൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

7 കോതമംഗലത്ത് വച്ചു നടന്ന അഭിവന്ദ്യപിക്കന്മാരുടെ മാസ ധ്യാനത്തിൽ പങ്കെടുത്തു.

9 ദൈവദാസൻ കാവുകാട്ടുപിതാവിന്റെ 40-ാം ചരമവാർഷിക ത്തോടനുബന്ധിച്ച് പ്രവിത്താനത്തുള്ള പിതാവിന്റെ ജന്മഗൃഹത്തിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

10 ഭരണങ്ങാനം അൽഫോൻസാമ്മ തീർത്ഥാടന കേന്ദ്രത്തിൽ, അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ദിവ്യ ബലിയർപ്പിച്ച് സന്ദേശം നൽകി.

* കാരിത്തോട് ഇടവകയിൽ SABS സന്യാസിനി സമൂഹത്തിന്റെ പുതിയ മഠം വെഞ്ചിരിച്ച്, ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

11 മാങ്കുളം അൽഫോൻസാപുരം ദൈവാലയത്തിൽ വി.അൽഫോൻസാമ്മയുടെ തിരുനാളിനേടനുബന്ധിച്ച് ദിവ്യബലി യർപ്പിച്ച് സന്ദേശം നൽകി.

12 കരിമ്പൻ CSN Convent - ൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

15 കൂമ്പൻപാറ CMC Convent -ൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

16 DST സന്യാസിനി സമൂഹത്തിന്റെ സ്ഥാപകനായ ബഹു. ജേക്കബ് താഴത്തേലച്ചന്റെ മൃതസംസ്കാരശുശ്രൂഷയോടനുബന്ധിച്ച് ഭരണങ്ങാനം DST Generalate -ൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

17 കൂമ്പൻപാറ ഇടവകയിൽ പുതുതായി നിർമ്മിച്ച പാരീഷ്ഹാൾ ആശീർവദിക്കുകയും ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

* കോട്ടപ്പടി ഇടവകയിൽ വച്ചു നടന്ന ബഹു. തോമസ് കുറുന്താനത്ത് അച്ചന്റെ ജൂബിലിയാഘോഷം ഉദ്ഘാടനം ചെയ്തു.

18 ജോസ്പുരം ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

19 മുരിക്കാശ്ശേരി CMC -നൊവിഷ്യേറ്റ് ഹൗസിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

19-20 വൈദികവർഷാചരണത്തോടനുബന്ധിച്ച് അടിമാലി ആത്മജ്യോതിയിൽ വച്ചു നടന്ന വൈദികരുടെ സഹവാസ കൂട്ടായ്മയിൽ പങ്കെടുത്തു.









## BISHOP'S ENGAGEMENTS

**November 2009**

| | Place | Programme | Time |
|---|---|---|---|
| 01 | Parathode | Pastoral Visit | |
| 03 | Kanjirapally | | |
| 05 | Koompanpara | Qurbana | 6.30 a.m |
| 06 | | Consultors Meeting | 11.30 a.m |
| 07 | Nedumkandam | Foundation stone laying | 07.00 a.m |
| 08 | Panickankudy | Visit | |
| 09 | | Engaged | |
| 10 | | Engaged | |
| 12 | P.O.C | | |
| 14 | Murickassery | | 9.30 a.m |
| * | Adimaly | | 2.00 p.m |
| 15 | Kallarkutty | Pastoral Visit | |
| 17 | Adimaly | Studyforum | |
| 18 | Erattayar | Studyforum | |
| 19 | Changanacherry | | 10.00 a.m |
| 21 | Adimaly | | 10.00 a.m |
| * | Kattappana | | 3.00 p.m |
| 22 | Elamthottam | | 4.00 p.m |
| 23 | Manchikavala | | 6.30 a.m |
| 26 | Dhanaha institute | Convocation | 9.30 a.m |
| 27 | P.O.C | | 10.00 a.m |
| * | Adimaly | | 3.00 p.m |
| 28 | Minor Seminary | | |
| 29 | Chelliampara | Pastoral Visit | |